G4

[illegible]

KERALAVARMA THAMPURAN

032:2M 40:11
94

MURUGAN BINDING
WORKS,
No. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

MUL
091663

Madras University Librar

DOCTRINA·VIM·PROMOVET INSITAM

Call Number 032:2M40:11.

Accession Number 91663

Available for loan from

This book should be returned on or before the date last marked below.

O. 61

Iswaradinam

# ഈശ്വരാധീനം

(സന്മാർഗ്ഗസമ്പത്ത്.)

Sanmargasampattu

A 4?

ഗ്രന്ഥകർത്താ:


മഹാമഹിമശ്രീ കേരളവർമ്മതമ്പുരാൻ,

മഹാരാജാസ് കോളേജ്, എറണാകുളം.



1110.


Keralavarma Thampuran

16 AUG 194 7

91663

032 : 2M40:11

G4

# മുഖവുര.

പഴമയും പരിഷ്ക്കാരവും തമ്മിലുള്ള പോരാട്ടത്തിൽ പരിഷ്ക്കാരത്തിന്റെ വിഷഫലങ്ങൾ ഉതിൎന്നു കഴിഞ്ഞാൽ പഴമ ശേഷിക്കുന്നതായിട്ടാണു പലപ്പോഴും കാണുന്നതു്. പഴമ വേരൂന്നിയ സ്വഭാവവും പരിഷ്ക്കാരം വെച്ചുകെട്ടിയ കൃത്രിമരൂപവുമാകയാൽ അങ്ങനെയല്ലാതെ വരുവാൻ നിവൃത്തിയുമില്ല. സ്വഭാവത്തെ പുരസ്കരിച്ചു വിദ്യാഭ്യാസം നയിക്കാത്തതുകൊണ്ടുമാത്രമാണു പരിഷ്ക്കാരവിപത്തുകൾ മിക്കതും സംഭവിക്കുന്നതു്. പഴമയെ പരിപാലിക്കുന്നതു ദേശീയവിദ്യാഭ്യാസത്തിന്റെ പരമോദ്ദേശമാകയാൽ പൌരസ്ത്യഭാഷാപ്രവക്താവിന്നു പഴമപ്രിയത്വം ഭൂഷണമല്ലാതാകയില്ല. കാലത്തിനൊത്ത കോലം കയ്ക്കൊണ്ടില്ലെങ്കിൽ സമക്ഷത്തിൽ സ്വീകാരം സിദ്ധിക്കയില്ലെന്നു കണ്ടിട്ടാവണം സാരോപദേശത്തിന്നായി ഈ പുതിയ പ്രസ്ഥാനം ആദരിച്ചതു്. തമ്പുരാൻ തിരുമനസ്സിലെ ഗദ്യനാടകത്തിലേക്കുള്ള പ്രവേശം ഇദംപ്രഥമമല്ല. അവിടത്തെ 'ശക്തൻ തമ്പുരാൻ' രംഗത്തിലും ലോകരംഗത്തിലും ആവിൎഭവിച്ചുകഴിഞ്ഞി

ട്ടുണ്ട്. പൌരുഷവും ഈശ്വരാധീനവും ഒത്തിണങ്ങി ട്ടുള്ള തമ്പുരാൻ തിരുമനസ്സിലെ നവനവങ്ങളായ സാഹിത്യപരിശ്രമങ്ങൾക്കു മേല്ക്കുമേൽ വിജയം സിദ്ധിക്കുമാറാകേണമെ എന്നാണ് അവിടത്തെ പ്പേരിൽ സ്നേഹബഹുമാനങ്ങളോടുകൂടി വർത്തിക്കുന്ന മാദൃശന്മാരുടെ വിനീതമായ ആശംസ.

എറണാകുളം
25-1-1110. } പി. എസ്സ്. അനന്തനാരായണശാസ്ത്രി.

# ശുദ്ധിപത്രം.

| ഭാഗം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| 9 | 22 | eiquette | etiquette |
| 19 | 6 | don | done |
| 25 | 23 | Professienal | Professional |
| 33 | 18 | fosilised | fossilized |
| 36 | 11 | insolance | insolence |
| 38 | 11 | shamleses | shameless |
| 48 | 16 | ക്രിത്രിമ | കൃത്രിമ |
| 65 | 21 | han | has |
| 69 | 1 | frend | friend |
| 80 | 6 | സ്വയാധികാരം | സ്വാധികാരം |

11-ാം ഭാഗത്തിൽ ഒടുവിൽ ചേർത്തിട്ടുള്ള 'ഹേമ' എന്നു തുടങ്ങിയ സംഭാഷണം എട്ടാമത്തെ വരിയുടെ ശേഷം ചേർത്തു വായിക്കേണ്ടതാണ്. ഒമ്പതാമത്തെ വരിയിൽ തുടങ്ങുന്ന 'ആൽമഗതം' എന്നതിന്റെ മുമ്പിൽ 'കമല' എന്നും ചേർത്തു വായിക്കണം.

16 AUG 19 7

# ഈശ്വരാധീനം

## സന്മാർഗ്ഗസമ്പത്ത്.

---

### രംഗം 1.

(പാലപ്പുറത്തുവീട്.)

[കാരണവൻ ഗോവിന്ദമേനോൻ തന്റെ മുറിയിൽ ലാത്തിക്കൊണ്ടു പ്രവേശിക്കുന്നു.]

പാർട്ടിക്കു മാന്നാമംഗലത്തു രാജാവിനെ ക്ഷണിക്കണം. അദ്ദേഹം കാണട്ടെ എന്റെ ഓജസ്സും യശസ്സും. മനുഷ്യനായാൽ പേരും പ്രസിദ്ധിയും വേണം. ചിലവെന്തെങ്കിലും വരട്ടെ. ഈ നാടു മുഴുവൻ എന്റെ അധിനത്തിചല്ലേ. കമലത്തിന്റെ പണാണ് ഇതിനൊക്കെ എന്നാരറിയും. പണിക്കരു വന്നാലല്ലേ അബദ്ധമുള്ളു. ഇരുപതു കൊല്ലായില്ലേ കാണാണ്ടായിട്ട്. ഇനി എവിടെ വരാൻ പോണു? ശങ്കു കരപകടക്കാരനാണ്. ആട്ടെ.

[ശങ്കുനായർ പ്രവേശിക്കുന്നു]

ഗോ:— എന്താ ശങ്കു?

ശ:—തീയതി എട്ടായി. ശിഷ്യർ ആവലാതി തുടങ്ങി. മൂന്നുമാസത്തെ ശമ്പളം ബാക്കിയാണ്.

ഗോ:—ദ്രോഹികള്. കഴുതകള്. ചോറുതിന്നാൽ കൂറില്ലാത്തവര്. തിന്നാനല്ലേ വന്നേക്കണെതു്. തിന്നു മുടിക്കുന്നുണ്ടല്ലോ. മൂന്നുമാസം ക്ഷമിക്കാമെങ്കിൽ കുറച്ചുംകൂടെ വയ്യേ. കഴുക്കൾക്കു് എന്റെ ചെലവൊന്നും അറിയവയ്യല്ലോ. ആട്ടെ, എല്ലാവരോടും ഇനിയത്തെ മാസത്തിൽ കണക്കു തീർത്തു കൊടുക്കാമെന്നു പറയൂ. സായ്പു വരുമ്പോ ശരിക്കു നിക്കണോൎക്കു സമ്മാനമുണ്ടെന്നും പറഞ്ഞേക്കൂ.

(കടലാസ്സെടുത്തു ചില പേരുകൾ എഴുതുന്നു.)

ശ:—[ആത്മഗതം] കഷ്ടം! കമലാക്ഷിക്കുട്ടിയുടെ പണം. ഇവിടെ തേവരുടെ ആന കാട്ടിലെ മരം എന്ന മട്ടാ; ശിഷ്യർക്കു കൂറില്ലാത്രെ. ആ പണിക്കരേമാൻ വരില്ലല്ലോ ഇയ്യാളുടെ ധൂർത്തു കാണാൻ. (പ്രകാശം) ഞാൻ പറഞ്ഞുനോക്കാം. കുറച്ചെങ്കിലും കൊടുക്കാതെ സാധിക്കുമെന്നു തോന്നുന്നില്ല.

ഗോ:—ഒരു പൈ കൊടുക്കാൻ തരമില്ല. ശങ്കു ഒക്കെ നേരെയാക്കിക്കോളൂ. (പിന്നേയും എഴുതുന്നു)

ശ:—(ആത്മഗതം) ഇനിയത്തേതു പറയുമ്പോൾ പണം പെട്ടീന്നു പുറത്തുവരും (പ്രകാശം) കൊച്ചു

മ്മക്കു ജാക്കററിനും സാരിക്കും ഒരു മൂന്നൂറുറുപ്പിക കൂടി വേണം. ഇപ്പൊത്തന്നെ ശീല കൊണ്ടുവരണം എന്നാ പറഞ്ഞേക്കണെ.

ഗോ:— ഇപ്പെന്തിനാ? മിനിഞ്ഞാന്നല്ലേ അഞ്ഞൂറുറുപ്പികക്കു രണ്ടു സാരീം ആറു ജാക്കററും തുന്നിച്ചതു്.

ശ:— ഇതു ഗവർണ്ണരുടെ വരവിനാണു്. ഒരു പുതിയതരം പട്ടാണു്. ഇപ്പൊത്തന്നെ കൊണ്ടുവരണം എന്നാ പറഞ്ഞേ.

ഗോ:— ഇപ്പോളും വേണ്ട പിന്നേം വേണ്ട. ഇതാരാ പറഞ്ഞേ? ഇവിടെ പറയാനാരാ?

[ഭാൎയ്യ ലക്ഷ്മിക്കുട്ടിയമ്മ പ്രവേശിക്കുന്നു.]

ല. അ:— അതോ, ഞാനാ പറഞ്ഞതു്.

(ശങ്കരനോടു്) പണം മേടിച്ചു് ഉടനെ പോയി ശീല കൊണ്ടുവരണം. കുട്ടികൾ വേണ്ടപോലെ നടക്കണ്ടായോ. ഹേമ ആരാ? അവൾക്കു പോരായവന്നാൽ ആൎക്കാ കൊറവു്? ഗവർണ്ണരുടെ മദാമ്മ എന്തു തുന്നിച്ച ഉടുപ്പാണെന്നു ചോദിച്ചാൽ കഴിഞ്ഞില്ലേ കാൎയ്യം. ഹേമക്കു വേണ്ടതൊക്കെ വേണം

ഗോ:— ശങ്കു, അഞ്ഞൂറുറുപ്പികയുടെ നോട്ടങ്ങു തന്നേക്കാം. ഹേമയുടെ ഇഷ്ടംപോലെ ആയിക്കോട്ടെ.

[എന്ന ഉറുപ്പികയുടെ നോട്ടുകൾ എടുക്കുന്നു.]

ശ:—(സ്വഗതം) ഇതു ഹേമയുടെയല്ല, ഹേമത്തിന്റെ ഇഷ്ടാണ്. ഇതാണു പുത്തൻ പരിഷ്കാരം, "ദയിതയെപ്പേടിച്ചു പാൎത്തിടണം."

[ശങ്കുനായർ പോകുന്നു.]

ല:-അ:—എന്തൊരു കഥയില്ലായ്മാ ഇവിടുത്തെ? ഗവർണ്ണരുടെ വരവ്, എത്ര വലിയ വലിയ ആളുകൾ വരാൻപോണു? രാമൻ കൎത്താവു നിശ്ചയമായിട്ടും വരുമല്ലൊ. അപ്പോൾ നമ്പൂരിപ്പാട്ടിന്നുംകൂടെ വന്നേക്കാം. ഹേമയെ നല്ലോണം കാണട്ടെ. ഒന്നും നിരീക്കില്ല.

ഗോ:—നമ്പൂരിപ്പാട്ടിലെ കൊണ്ടുവരുന്നുണ്ടെങ്കിൽ കൎത്താവ് അറിവുതരാതെ ഇരിക്കില്ല. ഇന്നൊ നാളയൊ എഴുത്തു വരണം.

ല.-അ:—അദ്ദേഹത്തിന് ഹേമയെ സംബന്ധംചെയ്യാൻ സമ്മതമില്ലെങ്കിലോ? ചെറുപ്പക്കാർ നമ്പൂതിരിമാർ അന്യജാതിയിൽ തുടങ്ങരുതെന്നല്ലെ കൊണ്ടുപിടിക്കുന്നതു്? വേറെ ചിലരേയും കൂടെ ആലോചിക്കാതെ നിവൃത്തിയില്ല. വയസ്സ് ഇരുപതു കഴിഞ്ഞില്ലേ?

ഗോ:—ഒന്നും പേടിക്കണ്ട. നമ്പൂരിമാർ എന്തെങ്കിലും പറഞ്ഞോട്ടെ. അതുപോലെയൊന്നും നട

ക്കില്ല. പോരെങ്കിൽ നമ്മുടെ വലിപ്പവും കത്താവിൻെറ നിബ്ബന്ധവും വെവരതെയാവോ? ആട്ടെ, അവളുടെ മനസ്സറിഞ്ഞോ?

ല.-അ:—എന്തിനാ അത്. അവൾക്ക് പിടിക്കാതിരിക്കാൻ എന്താ അദ്ദേഹത്തിനൊരു കുറവ്? ആകൃതിയേയും പ്രകൃതിയേയും പററി കത്താവ് പറയുന്നതു കേട്ടിട്ടില്ലേ. പോരെങ്കിൽ വാരിക്കോരി ചെലവു ചെയ്യാൻ പണവുമില്ലെ അദ്ദേഹത്തിന്. പിന്നെന്താ ഒരു പോരായ.

ഗോ:—എങ്കിലും അവളോടൊന്ന് ചോദിക്കല്ലേ നല്ലതു്? ഇപ്പഴത്തെ പെൺകുട്ടികൾക്ക തോന്നിയതു കാട്ടുകയാണ് പരിഷ്കാരമെന്നുംകൂടി വന്നിട്ടുണ്ട്.

ല.—അ:-ഇവിടുന്നെന്താ ഇത്ര സംശയിക്കണെ? ആ ഭാരമൊക്കെ ഞാൻ ഏററു. തരമുണ്ടെങ്കിൽ പുടമുറിയാഘോഷം ഗവർണ്ണർ വരുമ്പോൾ തന്നെ ആക്കാൻ നോക്കണം. എന്നാൽ സായ്പിനേയും മദാമ്മയേയും അതിന് ക്ഷണിക്കാലൊ.

ഗോ: —എൻേറയും മോഹം അങ്ങനെ തന്നെയാണ്. എന്നാലേ, ലക്ഷ്മിക്കുട്ടി; കമലേടേംകൂടി അന്നു തന്നെ കഴിച്ചാലൊ?

ല. അ:—ഏ, ഹേ, അതുവയ്യ. എന്നാൽ അതു് അവ

ളൂടേയാണെന്നു് ആളുകൾ വിചാരിച്ചാലൊ. അത്ര പണം ചിലവിടാൻ അവൾക്കെന്താ ഒന്നുള്ളൂ; ആ കാൎയ്യം പിന്നേ ആലോചിക്കാം. അതിന്നല്ലേ ഇപ്പത്ര തിടുക്കം. എന്തിന്നാ കൎത്താവിൻെറ എഴുത്തുവരാൻ കാത്തിരിക്കുന്നു; ഒന്നും കൂടി ഇന്നു തന്നെ എഴുതു. എന്തായാലും വേണ്ടില്ല. ഇതു് ഉടനെ നടക്കണം. പണ്ടങ്ങളും കുറെ പുതിയതു് പണിയിപ്പിക്കണം. പണമില്ലാന്നും മററും പറഞ്ഞാൽ പാറില്ല. ഇവിടന്നു് നിരിച്ചാൽ നടക്കാണ്ടെന്താള്ളൂ. വയ്യെങ്കിൽ എന്നെ ഏല്പിക്കു സകല ഭാരവും.

ഗോ — വേണ്ടതൊക്കെ പറഞ്ഞേക്കു. കൎത്താവിന്നൊന്നുംകൂടി എഴുതിക്കളയാം [എന്നു പോകുന്നു.]

ല. അ:—(ആത്മഗതം) ആ കമലേക്കൊണ്ടു് പൊറുതികേടായി. ഒരേഴരശ്ശനി. അതിനെ വല്ല കഴുവിൻെറയും തലയിൽവെച്ചു് കെട്ടിയാൽ ബാധ ഒഴിഞ്ഞു. ഈ പണത്തിൽനിന്നു് ഒരു കാശവളെ തൊടീപ്പിച്ചാൽ ഞാൻ പെണ്ണല്ല. ആരെങ്കിലും നോക്കിക്കോട്ടെ. ശങ്കുനായരല്ല, കൃഷ്ണപണിക്കരല്ല. ദേവേന്ദ്രൻതന്നെ കൂട്ടിയാലും കൂടില്ല.

[തിരശ്ശീല വീഴുന്നു.]

## രംഗം. 2.

[പാലപ്പുറത്തുവീട്. തളത്തിൽ ശങ്കുനായർ അങ്ങാടിക്കു പുറപ്പെടാൻ തയാറായി നില്ക്കുന്നു.]

ശ:—(ആത്മഗതം) കഷ്ടം; ആ സാധു കമലാക്ഷിക്കുട്ടിയുടെ ദുർഭാഗ്യം. അമ്മുക്കുട്ടിഅമ്മ മരിച്ചപ്പൊ കൃഷ്ണപണിക്കർക്ക് പുറപ്പെട്ടു പോകുവാനല്ലേ തോന്നിയതു്? അദ്ദേഹം ശുദ്ധാത്മാവു്. ഈ ചെറാറകളുടെ ദുഷ്ട് എന്തെങ്കിലും കരുതിയോ? പാവം! എത്ര നല്ല കുട്ടി. ആകൃതി അസ്സൽ, പ്രകൃതി പട്ട്. ഇതുപോലെ ഒരു പെൺകിടാവ് ഈ നാട്ടിലൊന്നമില്ല. അതിൻെറ സ്വത്തു് അനുഭവിക്കാൻ ഇവററകൾ. അതും സഹിക്കാം. ഇവളെക്കൊണ്ടു് അവരുടെ ശിഷ്യപ്രവൃത്തി എടുപ്പിക്കുന്നതു് കാണവയ്യേ. അതിനും ചെറുപ്പമല്ലേ. പണ്ടങ്ങൾക്കും വസ്ത്രങ്ങൾക്കും അതിനും ചില മോഹമൊക്കെയില്ലേ. അതുംകൂടി സാധിപ്പിക്കുന്നില്ലല്ലൊ. ഇന്നാൾ ഹേമപ്രഭക്ക് ജാക്കററിന് ശീലയെടുത്തപ്പോൾ ആ കുട്ടി കണ്ടോണ്ട് നിന്നിരുന്നു. ഒരു തുണ്ടം അതിനു മേടിച്ചുകൊടുത്താൽ എന്തായിരുന്നു? അതിൻെറ കണ്ണിന് വെള്ളം പൊട്ടണകണ്ടപ്പൊ എനിക്ക് സഹിച്ചില്ല. എന്നിട്ട് എൻെറ കയ്യിന്ന് കാശുകൊടുത്തു മേടിച്ചുകൊടുത്തപ്പോ

ആ താടകക്ക് മുഖം ഇത്രയായി. (എന്ന് ആംഗ്യം കാണിക്കുന്നു.) ഈ കുട്ടിയെ വിചാരിച്ചിട്ടല്ലെങ്കിൽ ഒരു മിനിട്ട് ഞാൻ ഇവററകളുടെ മുമ്പില് മൂക്കിൽ വിരലും തള്ളിനിൽക്കാ. എന്റെ ഈശ്വരാ; ഇവരോടൊന്നു ചോദിക്കണേ.

(ഹേമ പ്രവേശിക്കുന്നു)

ഹേമ:— എന്താ ശങ്കുനായർ, നിങ്ങൾക്ക മുറയറിഞ്ഞുകൂടെ? എന്താ ഞാൻ നിങ്ങളോടു പറഞ്ഞിരുന്നതു്? നേരം എത്രയായി; തുന്നക്കാരനെവിടെ, ശീലയെവിടെ? ഈ പഴഞ്ചക്കാര്യസ്ഥന്മാർ ശിമയിലായിരിക്കേണ്ടിയിരുന്നു. (കയ്യിലുള്ള ഒരു Catalogue-ൽ ഉള്ള jacket കളുടെ ഭാഷ (നോക്കുന്നു)

ശ:— (ആത്മഗതം) ഓഹോ! അമ്പടി ശീമക്കാരി! ഇതാണു തനി ദൊരശാണി. (പ്രകാശം) പണം ഇപ്പോ കിട്ട്യേള്ളു. ഏമാന്റെ കയ്യിന്നു കിട്ടുവാനുള്ള താമസമായിരുന്നു.

ഹേമ:— താനും തന്റെ ഏമാനും. ഞാനെന്താ തന്നോടു പറഞ്ഞേ? ഇനി തുന്നക്കാരൻ വരുമ്പോൾ എനിക്ക ക്ലബ്ബിലേയ്ക്കു പോകാറാവില്ലെ. (Rubbish ! Rot) അരമണിക്കൂറിനകം തുണിയും തുന്നക്കാരനും ഇവിടെ കാണണം. അല്ലെങ്കിൽ—

ശ:— കഴിയുന്നതും വേഗത്തിക്കൊണ്ടുവരാം. ഞാൻ

പറഞ്ഞാൽ പോരല്ലോ. അയാളെ വരികയും വേണ്ടെ. കഴിഞ്ഞതവണത്തെ തുന്നക്കൂലിതന്നെ കൊടുത്തിട്ടില്ല.

ഹേമ:—എന്താടൊ തർക്കുത്തരംപറയുന്നെ? വേണോ തനിക്കു രണ്ടു്. (എന്നു് കുറിച്ചാട്ടയെടുക്കാൻഭാവിക്കുന്നു.)

ശ:—(സ്വഗതം) ഇനി ഇവിടെ നിന്നാൽ ഞാനും സാഹസം വല്ലതും പ്രവർത്തിച്ചേക്കാം. അതു കൊണ്ടു് പൊയ്ക്കളയാം.

ഹേമ:— വേഗം പോണോ. (എന്നു് കയർത്തു് ചോദിക്കുന്നു.)

(ശങ്കുനായർ പോകുന്നു. ഈ വലിയ ഒച്ചകേട്ടു് കമലാക്ഷി പ്രവേശിക്കുന്നു.)

കമ:—ഹേമേച്ചേച്ചി ക്ലബ്ബിലേക്കു് പോവ്വാറായൊ?

ഹേമ:—പരിഷ്കാരമറിയാണ്ടു് അച്ഛനും അമ്മയും വളംകൊടുത്തിട്ടാ ശങ്കുനായരുടെ ഈ തുള്ളിച്ചു. Servantsനെവേണ്ട positionനിൽ നിർത്തണ്ടെ. Impertinent ആയിട്ടു് behave ചെയ്യാൽ ഒന്നുമില്ലാന്നൊ. ഒരു English householdലെ പോലെ വേണം ഇവിടത്തെ eiquette. stupid old fashion

കമ:—എന്താ ചേച്ചി! കാര്യം പറഞ്ഞില്ലല്ലൊ. ചേച്ചി ഇന്നു് തലമുടി വകഞ്ഞു വെച്ചിരിക്കുന്നതു് വിശേഷായിട്ടുണ്ടു്.

ഹേമ:—ഇപ്പൊഴെച്ചെയ്യുതാ. Illustrated fashion എന്ന മാസിക ഇന്നു കിട്ടി. അതിൽ Latest Parisian model ഇങ്ങനെയാണു്. ഇതുതന്നെ കമലേ എന്റെ ശൃങ്ഗാരം. ആ newest model dress തുന്നിക്കാൻ വൈകി. ഈ ശങ്കുനായർക്കുണ്ടോ അതു മനസ്സിലാവണെ. Silly idiot. വേറെ വല്ലവരും ഇതാദ്യം ഇട്ടു് ക്ലബ്ബിൽ വന്നാൽ എന്റെ credit പോയില്ലെ.

കമ:—(മുഖത്തെക്കു നോക്കുന്നു.) ചേച്ചീ! കമ്മലെവിടെ.

ഹേമ:—എയ്, അതു് out of fashion. ഇപ്പോളിതായി (എന്നു രണ്ടു തൂക്കുകടുക്കൻ എടുത്തു കാട്ടിക്കൊടുക്കുന്നു) കമലേ! ഇതൊന്നിടിപ്പിക്കു.

(കമല കടുക്കൻ ഇടീപ്പിക്കുന്നു) കമ്മലു് കമലക്കിരിക്കട്ടെ. Just in honour of my engagement (എന്നു ചിരിക്കുന്നു.)

കമ—(കൈകൊട്ടിക്കൊണ്ടു്) എന്റെ congratulation അമ്മാമനേം അമ്മായിയേം അറിയിപ്പിക്കണ്ടെ?

ഹേമ—എന്തിനാതു്? അവരുടെ സമ്മതം വേണ്ടൊ. അവരല്ലല്ലൊ marry ചെയ്യാൻ പോണെ? കമലക്കെന്തറിയാം? Secret courtingനു സന്തോഷംകൂട്ടും. (പുറത്തു തട്ടുന്നു) സമ്മതിച്ചില്ലെങ്കിൽ elopement. Liberty ഇതിലെങ്കിലും കാട്ടണ്ടെ.

കമ—അവരു് വേറെ വല്ലവരേയും വിചാരിക്കുന്നുണ്ടെങ്കിലൊ?

ഹേമ—അയാളെ അവര് marry ചെയ്യോട്ടെ. അല്ല കിൽ കമല മേടിച്ചോളു.

കമ-(ആത്മഗതം)എന്റെ ഈശ്വര! ഇതിന്നൊന്തല്ലാം കുഴപ്പമുണ്ടാവാൻ പോണെ ആവൊ. ഞാനും ഇത റിഞ്ഞു മിണ്ടാണ്ടിരുന്നു എന്നു വരില്ലേ? ഇപ്പൊ മി ണ്ട്യാലൊ കഴിഞ്ഞു. ചേച്ചി കയക്കും. അപ്പൊ അവരൊക്കെ ഒന്ന്. ഇതു വലിയ ധൎമ്മസങ്കടായേ. (പ്രകാശം) ചേച്ചി ഒന്നുകൂടി ആലോചിക്കണേ. (ആത്മഗതം) ഈശ്വരൻ വിധിക്കുന്നതൊക്കെ സഹിക്കല്ലെ നിവൃത്തിള്ളു. പാവം ആ ശങ്കു മ്മാനെ ഇട്ട് ഉപദ്രവിക്കുന്നതാണ് എനിക്കു സഹിക്കവെയ്യാത്തതു്. അങ്ങോര് സ്വന്തശമ്പളവും കൂടി ഞങ്ങൾക്കുവേണ്ടി ചിലവിടാൻ മടിക്കുന്നില്ല. എനിക്കു ശീലമേടിക്കാൻ തന്ന പണം എന്നാ ണാവോ തിരിച്ചു കൊടുക്കാൻ സാധിക്ക. അതു പറഞ്ഞാൽ അപ്പോ ചിരിക്കയെയുള്ളു. എന്റെ ഭഗവാനെ, ഈ വയസ്സുകാലത്തു് അങ്ങോക്കൊരാ പത്തും വരുത്തല്ലെ. (പിന്ന് പോകുന്നു.)

ഹേമ—Who cares. നിയ്യാ എന്നോടു advise ചെയ്യാൻ? നീ നിന്റെ business mind ചെയ്യോ. I wish you similar luck (എന്നു കൈപിടിച്ചു കുടഞ്ഞു പോകുന്നു.)

## രംഗം 3.

[പാമപ്പുറത്തു തളം. ഗോവിന്ദമെനോൻ News paper വായിച്ചുകൊണ്ടിരിക്കുന്നു.]

(സുന്ദരയ്യൻ വാതില്ക്കൽ പ്രവേശിക്കുന്നു)

ഗോ—ആരാ?

സു—പാലഴിക്കോട്ടു മനയ്ക്കന്നാ. രാമൻകത്താവെ ജമാനെൻറ ഒരെഴുത്തുണ്ട്. (എഴുത്തു കൊടുക്കുന്നു)

ഗോ—(എഴുന്നേററു) അങ്ങക്കു മനക്കലെന്താ?

സു—അനിയൻ നമ്പൂരിപ്പാട്ടിലുടെ കൂടെ ശേവമാണ്. സ്വകാര്യം കാര്യസ്ഥതയും ഉണ്ട്.

(ഗോവിന്ദമേനോൻ എഴുത്തുവായിക്കുന്നു.)

"മാന്യസ്നേഹിത!

പാലഴിക്കോട്ട് അനുജൻ നമ്പൂതിരിപ്പാട്ടിലേക്കു നിങ്ങളുടെ തറവാട്ടുമായി ഒരു ബന്ധം വളരെസന്തോഷമാണ്. തല്ക്കാലം ജോലിത്തിരക്കുള്ളതുകൊണ്ട്. അദ്ദേഹം രണ്ടു ആഴ്ചവട്ടത്തിനുള്ളിൽ അവിടെവരുന്നതാണ്. നിങ്ങളുടെ മകളുടെ സൌന്ദര്യാതിരേകം ആരേത്തന്നെ ആകർഷിക്കയില്ല. ഇപ്പോൾ അദ്ദേഹത്തിൻെറ സ്വന്തം ആളായ സുന്ദരയ്യരെ (ഈ എഴുത്തു കൊണ്ടുവരുന്ന ആൾ) അയക്കുന്നു, അദ്ദേഹത്തിൻെറ അഭിപ്രായം നമ്പൂതിരിപ്പാടു തള്ളുന്നതല്ലെന്നുകൂടി

പറഞ്ഞുകൊള്ളട്ടെ. അദ്ദേഹത്തിനോട് എല്ലാം തുറന്നു പറയാം.

ശേഷം വഴിയെ എന്നു
വിധേയൻ
രാമൻ കൎത്താ.

മാ. രാ. രാ. ബഹുമാനപ്പെട്ട
പി. ഗോവിന്ദൻ തമ്പാൻ അൎകൾക്ക്."

സു—വലിയ നമ്പൂരിപ്പാട്ടിലേക്കും വളരെ സന്തോഷമാണ്. ഏമാന്റെ അവസ്ഥക്ക് ഇങ്ങനെതന്നയാ വേണ്ടത്.

ഗോ—അതെ, അതെ. ഈ കുഡുംബത്തിലെ പ്രസിദ്ധിക്ക് അവിടുന്നുതന്നെ ആയില്ലെങ്കിൽ പോരാ ന്നു ഞാനും വിചാരിച്ചു.

സു—(ശിരസ്സിൽ കൈ തൊഴുതു വെച്ചുകൊണ്ട്) ശിവ! ശിവ! ഇതു് അവിടുത്തെ ഭാഗ്യം. ഏമാന്നെപ്പററി കൎത്താവ് അറിയിക്കണ്ണേകേട്ടു. അബ്ബ, സത്യം പറയാലൊ; ഏമാന്നെ. (ഒന്നുംകൂടി അടുക്കുന്നു.) അപ്പോൾ എനിക്കു തോന്നി. ഏമാൻ തന്നെ ഒരു ത്തമപുരുഷൻ. ഏമാന്റെ യോഗ്യത, പ്രതാപം ഇതൊക്കെ കേക്കാത്ത നാട്ടുണ്ടോ ? ഇപ്പോഴെങ്കിലും ഏമാന്റെ മുമ്പിൽ വരാൻ സംഗതിവ

ന്നതു് എൻെറ സുകൃതം തന്നെ. ഭാഗ്യമില്ലെങ്കിൽ വലിയ വലിയ ആളുടെ അടുക്കൽ ഈ സാധു ക്കറാംക്കു ചെല്ലാൻ പററുമോ.

ഗോ:—(അഭിനന്ദിച്ചു പുഞ്ചിരിയിട്ടു്)എന്താഹേ പ്രസിദ്ധിയിലധികം മററു മനുഷ്യനു് വേണ്ടതു്.

സു:—ഓ, അങ്ങനതന്നെ, അങ്ങനതന്നെ. ഈ അഭിപ്രായം ഏമാനുണ്ടെന്നു് കത്താവു് അവിടെ വന്നു പറഞ്ഞപ്പൊ അവക്കുണ്ടായൊരു സന്തോഷം! അയ്യൊ! "അനിയൻെറ ഭാഗ്യം തന്നെ. അല്ലെ സുന്ദരം" എന്നു് വലിയ നമ്പൂരിപ്പാട്ടിലേക്കു് പൊട്ടിപ്പോയി. ഏമാനെ ഇവിടെവന്നു കാണണം എന്നു് ഇടക്കിടക്കൊക്കെ അവിടുന്നു് പറയാറുള്ളതാ. യോഗ്യരായിട്ടു പരിചയാവാൻ യോഗ്യക്കു് കൊതിണ്ടാവില്ലെ?

ഗോ:—എനിക്കും അവിടത്തെ ഒന്നു കാണണം എന്നു് വിചാരം തുടങ്ങീട്ടു് വളരെക്കാലമായി. എന്താചെയ്യണെ. ആകെക്കൂടി ഇരിക്കണെടൊഴിവില്ല. (എഴുത്തു ഒന്നുകൂടി നോക്കി അഭിനന്ദിക്കുന്നു.)

സു:—[(സ്വഗതം) അമ്പട വങ്കശ്രേഷ്ഠ!] (പ്രകാശം) വലിയ വലിയ ആളുകളായാൽ ഇങ്ങനയൊക്കെയല്ലേ? അതൊക്കെ കൂടാണ്ടു് കഴിയേയില്ല. ഞങ്ങളെപ്പോലുള്ള സാധുക്കറാക്കല്ലെ പലദിക്കിലും തെണ്ടീട്ടും ആശ്രയിച്ചും കഴിയേണ്ടു?

ഗോ: — ലക്ഷ്മിക്കുട്ടിയെ കാണാനുണ്ട്. [ലക്ഷ്മിക്കുട്ടീ! എന്നു വിളിക്കുന്നു] (ലക്ഷ്മിഅമ്മ പ്രവേശിക്കുന്നു.) "ലക്ഷ്മിക്കുട്ടീ! നമ്പൂരിപ്പാട്ടിലെ കാര്യസ്ഥനാ" [എന്നു ചൂണ്ടിക്കാണിക്കുന്നു.] കർത്താവിന്റെ എഴുത്തുണ്ട്. (എഴുത്തു കൊടുക്കുന്നു) (അവർ അതു വായിക്കുന്നു.) രണ്ടു വലിയ കുഡുംബങ്ങളാണെങ്കിൽ ഇങ്ങനെ വേണം.

ല. അ: — ആ കർത്താവിനും കൂടെ വരായിരുന്നില്ലേ ആവൊ? സ്വാമി വന്നിട്ട് ഇത്ര നേരായിട്ട്, ഇപ്പളില്ലേ. എന്നെ അറിക്കണ്ടേത്.

ഗോ:- (താഴ്ന്നസ്വരത്തിൽ) അദ്ദേഹം വന്നിട്ട് അധികം നേരായില്ല.

ല. അ: — ഇല്ലേ? ഞാൻ എത്രനേരായി സംസാരം കേൾക്കുന്നു. ഒന്നുമല്ല. വേണ്ടാന്നു വെച്ചിട്ടാന്നെ. എനിക്കിതിലൊരധികാരോല്ല്യാന്നോ? എന്തെങ്കിലും നടത്തിക്കണെന്നുണ്ടെങ്കിൽ ഒക്കെ ഞാൻ തന്നെ വേണ്ടേന്നും. (കണ്ണാടിയിൽ നോക്കി തല ശരിയാക്കുന്നു.)

(ഗോവിന്ദമേനോൻ അങ്ങോട്ടു നോക്കി ആലോചനയിലിരിക്കുന്നു.)

സു: — (ആത്മഗതം) അയ്യയ്യോ. ഇവിടെയാണ് ഭദ്രകാളിവട്ടത്തു ശിവൻകോവില്. ഈ അലറിച്ച

യിൽ നമ്പൂരിപ്പാട്ട്ളു് എങ്ങനെ ചൊല്ലിയാടു മാവോ?

ല. അ:— (സുന്ദരയ്യനോട്) സ്വാമി, കുളിച്ചു വല്ലതും കഴിക്കണ്ടെ? അകത്തേക്കു വരു. നമ്മളൊക്കെ ഒന്നായില്ലേ.

സു:—ഒക്കെ നിങ്ങളുടെ കൃപ. എനിക്കിപ്പോൾത്ത ന്നെ പോയാൽ കൊള്ളാമെന്നുണ്ട്. ഒടുക്കത്തെ ബസ്സിനു മനയ്ക്കലേയ്ക്കുതന്നെ എത്തണം.

ല. അ:—എയ്. നാലുദിവസം ഇവിടെ സുഖായിട്ടു താമസിച്ചു പോയാൽമതി.

സു:—അമ്മേ! ആ ഭാഗ്യം എനിക്കില്ല. വൈകു ന്നേരംതന്നെ അങ്ങോട്ടെത്തീല്ലെങ്കിൽ നമ്പൂരിപ്പാ ട്ടിലേയ്ക്കു പലേ ബുദ്ധിമുട്ടമാവും. പിന്നെ എനിക്കു കുചേലവൃത്തിയല്ലെ? മഹന്റെ ഉപനയനോം മകളുടെ വേളീം വൈകി. പലരുടേം കൃപയുണ്ടാ യാലെ അതു നടക്കു. കോവിലകത്തു ദാനാധി കാരി നമ്പൂരിക്കും പാപ്പിനിമിററത്തു വല്യഫൻ നമ്പൂരിപ്പാട്ട്ളുക്കും ഒരു എഴുത്തു തരാമെന്നു മൂസ്സാ മ്പൂരിപ്പാട്ട് പറഞ്ഞിട്ടുണ്ട്. മനയ്ക്കേന്ന് ഒരായി രംഉറപ്പികയും 200 പറ നെല്ലും അനുവദിച്ചി ച്ചിട്ടുണ്ട്. (ലക്ഷ്മിക്കുട്ടിയും ഗോവിന്ദമേനോനും മുഖ ത്തോടുമുഖം നോക്കുന്നു.) [സ്വഗതം] കുറേക്കുട്ടിപ്പറ ഞ്ഞോണ്ടും വല്യ വിരോധമില്യാ. [പ്രകാശം]

എഴുത്തുംമേടിച്ച് ഇന്നുതന്നെ പുറപ്പെട്ടാൽ കൊള്ളാമെന്നുണ്ട്.

ല. അ:—എന്നാൽ ഇവിടുന്നും വല്ലതും വേണ്ടേ? അറിപ്പിച്ചതു് സന്തോഷായി (ഗോവിന്ദമേനോൻെറ മുഖത്തേക്കു ഒന്നുകൂടി നോക്കുന്നു. ഗോവിന്ദമേനോൻെറ മുഖം വാടുന്നു. ലക്ഷ്മി അമ്മ കണ്ണുരുട്ടിക്കുന്നു. സുന്ദരയ്യൻ ചുമ്മ ഉളപ്പാനെന്നുള്ള മട്ടിൽ പുറത്തേക്കു പോകുന്നു.)

ല. അ:—(സ്വകാര്യം) നല്ലോണം എന്തെങ്കിലും കൊടുക്കണം. വിസ്ഥിത്തമൊന്നും പററിക്കല്ലെ.

ഗോ:—പണമെവിടുന്നാ. ഗവൺമെൻറുടെ വരവിനു തന്നെ കടം മേടിച്ചിട്ടാ.

ല. അ:—അപ്പോളതോ? (എന്നു് ആശ്ചര്യം കാണിക്കുന്നു) ഇതിനും കടം മേടിക്കു. സംബന്ധം കഴിഞ്ഞാൽ മനക്കലെ സ്വത്തു മുഴുവൻ നമ്മുടെ പെട്ടിലല്ലെ. അതു ഞാൻ ഏററു. ഒന്നും ആലോചിക്കില്ല.

ഗോ:—നൂററപ്പിക കൊടുക്ക, അല്ലേ?

ല. അ:—അതുപോലെ അഞ്ചു് (എന്നു വിരൽമടക്കുന്നു) ഇദ്ദേഹം വിചാരിച്ചാലല്ലേ കാര്യം നടക്കു. കത്താവിൻെറ എഴുത്തു വായിച്ചില്ലെ. പിന്നെ ഒരു മോതിരവും രണ്ടു മുണ്ടും ഹേമ കൊണ്ടുവന്നുകൊടുക്കട്ടെ. അദ്ദേഹത്തിനെ സന്തോഷിപ്പിക്കാണ്ടു വിടുകയോ.

ഗോഃ—എന്നാൽ ലക്ഷ്മിക്കുട്ടി എടുത്തുകൊണ്ടു വരു. ഹേമയേം വിളിക്കു.

(സുന്ദരയ്യൻ വരുന്നു.)

ഗോഃ—(സുന്ദരയ്യനോട്) എന്തിനാ ബെസ്സിൽപോണെ. ഇവിടുത്തെ കാറിലൊന്നു തരാം. അഞ്ചൊ ആറൊ ഉണ്ടു്. പിന്നെന്താ? ഞാൻ കത്താവിനൊരെഴുത്തുംതരാം. (എഴുത്ത് എഴുതുന്നു. ലക്ഷ്മി അമ്മ ഉറുപ്പികയും മുണ്ടും മോതിരവും കൊണ്ടുവരുന്നു. കൂടെ ഹേമയും ക്ലബ്ബ് ഡ്രസ്സിൽ വരുന്നു. ലക്ഷ്മി അമ്മ ആ എഴുത്തു നോക്കുന്നു. ഹേമ കണ്ണാടിയിൽ നോക്കി dress നേരെയാക്കുന്നു)

സുഃ—(ഹേമയെ നോക്കീട്ട്) (സ്വഗതം) അം. അം. ആ— ഇതാണ സാക്ഷാൽ ഷഡ്ഗാവ്യമൂൎത്തി. ഇതിനെ മനക്കൽ കേററിയാൽ ശുദ്ധശൂന്യം. ആകൃതിക്കൊത്ത പ്രകൃതിയുംകൂടി ആണെങ്കിൽ തൊട്ടേടം കെട്ടു. (ആദരിച്ചു പിന്നാക്കം മാറുന്നു.)

ഗോഃ-ഐ, സുന്ദരയ്യൻ പോകണ്ട. ഹേമയാണ്. ഗവൎണ്ണരുടെ മദാമ്മ സമ്മാനം കൊടുത്ത വേഷാ. ഇങ്ങനേ പുറത്തേക്കു പോവ്വാവൂ എന്നു പ്രത്യേകിച്ചു പറഞ്ഞിട്ടുണ്ടു്. സുന്ദരയ്യൻ! മഠത്തിലെ അടിയന്തിരത്തിന്ന് ഇതിരിക്കട്ടെ തൽക്കാലം (എന്നു പണം കാട്ടുന്നു. സുന്ദരയ്യൻ മേടിക്കാൻ മടിക്കുന്ന നാട്യം കാണിക്കുന്നു.) എയ്,വിരോധമൊന്നുമില്ല.

ഞാനല്ല തരണെ (എന്നു നിർബ്ബന്ധിക്കുന്നു) പണം മേടിച്ച് സുന്ദരയ്യൻ ഹേമയെ അനുഗ്രഹിക്കാൻ ഭാവിക്കുന്നു.

ഹേമ:— (തല തിരിച്ച്) Rustic fool, I dislike the whole scene. This custom of Brahmin extortion should be don away with.

ല. അ:—ഹേമെ! ഇതു ഹേമേടെ വകയായിട്ട് കൊടുക്കു അദ്ദേഹത്തിന് (എന്നു മോതിരവും മുണ്ടും കാണിക്കുന്നു.)

ഹേമ:—അമ്മേ! അദ്ദേഹം ഒരു perfect stranger അല്ലേ. നമുക്കെന്തൊ obligation.

ല. അ:—ആജീവനാന്തം ഉള്ള ബന്ധം തന്നെ പെണ്ണേ. ഒക്കെ പിന്നെ പറയാം. ഇതു കൊടുക്ക്.

ഹേമ:—അദ്ദേഹം എടുത്തോട്ടെ. അമ്മ അവടെ വെച്ചേക്കു. (എന്നു തിരിഞ്ഞുനിന്നു തല കെട്ടിയതു ശെരിയാക്കുന്നു.)

സു:—(സ്വഗതം)അങ്ങനെ വരട്ടെ. പ്രകൃതിയും നിരീച്ചപോലെതന്നെ. ഇവിടെനിന്ന് എങ്ങനെ സമ്മാനം മേടിക്കും എന്നു പറയായിരിക്കാം. പക്ഷെ ഈ വീട്ടിന്ന് ഇതല്ലാ ഇതിലധികവും മേടിച്ചേ ഞാൻ പോകു. (പ്രകാശം) കൊച്ചമ്മക്ക് നല്ലതു വരട്ടെ. കൊച്ചമ്മയുടെ പേക്ക് ആരു തന്നാലും എനിക്ക്

സന്തോഷല്ലേ ആവൂ. കൊച്ചമ്മക്കു രസക്കേടു വരുന്നതു് എനിക്കു സുഖാവോ? (എന്നു ചിരിക്കുന്നു.)

ഗോ:—അമ്പട രസികം. എനിക്കു വളരെ സമ്മതായി ആളെ. അങ്ങു മനക്കലെക്കാളും അധികം എന്റെ സേവനായിക്കഴിഞ്ഞു.

ല. അ:—ഈ പെണ്ണിന്റെ മാതിരി നോക്കു. എന്തുനാണാത്തു്. എന്നാൽ ഞാൻതന്നെ കൊടുത്തേക്കാം.

സു:—ദാനത്തിനു വെററിലേയുമടക്കേയും അല്പം പണവുംകൂടി തന്നാലെ ഫലം വരു. "താംബൂലം ശ്രീകരംഭദ്രം. കല്യാണം മംഗളം ശുഭം."

ല. അ:—അതു ശരിയാ. കല്യാണത്തിനതു വേണം. (കമലേ! എന്നു വിളിക്കുന്നു) കുറച്ചു വെററിലേം അടക്കേം രണ്ടുറുപ്പികയും കൊണ്ടുവാ. (കമല താഴമയോടെ കൊണ്ടുവക്കുന്നു.)

ഗോ:—(സുന്ദരയ്യനോടു്) എന്റെ മരുമകളു്, കമലാക്ഷി (എന്നു ചൂണ്ടിക്കാണിക്കുന്നു) ഇവൾക്കും ആരുമായിട്ടില്ല.

ല. അ:—ഇവളു് ഇവിടെ ഞങ്ങടെകൂടെ താമസിക്കാം. ഹേമക്കു് ഒരു തോഴിയുമായല്ലൊ. കമലേ, നി ഇതദ്ദേഹത്തിന്റെ മുമ്പിൽ കൊണ്ടുവെക്കു് (മുണ്ടും മോതിരവും കൊടുക്കുന്നു. കമല സവിനയം കൊണ്ടുപോയി കാക്കൽ വെച്ചു തൊഴുന്നു. സുന്ദരയ്യൻ അനുഗ്രഹി

കുന്നു. (ഗോവിന്ദമേനോൻ എഴുന്നേല്ക്കുന്നു. ലക്ഷ്മിഅമ്മ നോക്കിക്കൊണ്ടിരിക്കുന്നു. ഹേമ പുഛരസത്തോടെ കമലയെ നോക്കുന്നു.)

സു—(ആത്മഗതം) കത്താവിന്ന് ഇച്ഛാഭംഗം വരാണ്ടു കഴിക്കണം. നമ്പൂരിപ്പാട്ടിലേക്ക് ഇവളാണു യോജിപ്പ്. അതിന്നു ശ്രമിച്ചു നോക്കാം. (പ്രകാശം) എന്നാൽ ഞാൻ വരട്ടെ (എന്നു തൊഴുന്നു) എല്ലാം വേണ്ടതുപോലെ അറിച്ചോളാം.

ഗോ:—കാറുകൊണ്ടു പോയ്ക്കോളൂ. കമലേ! കാറ് Order ചെയ്യു, ഇദ്ദേഹത്തിനെ കൊണ്ടുപോകാൻ.

(കമലയും സുന്ദരവും പോകുന്നു.)

ഗോ:—എനിക്കൊരെഴുത്തെഴുതാനുണ്ട് (പോകുന്നു)

ല. അ:—എടി നീ എന്നാ വകതിരി പഠിക്കാ? ഇനി മനക്കൽപോയി പാക്ക്യേംകൂടി വേണ്ടേ?

ഹേമ:—എന്തിനാ ഇവിടെ ചോറില്ലാഞ്ഞിട്ടാ?

ല. അ:—ഓ. അറിഞ്ഞില്ലെന്നുള്ള നാട്യം: പാലഴിക്കോട്ട് ചെറിയ നമ്പൂരിപ്പാട്ട് സംബന്ധം തുടങ്ങുന്നത് തിരുമനസ്സറിഞ്ഞില്ലേ ആവോ (എന്നു പുഛരസം നടിക്കുന്നു.)

ഹേമ:—ആരു്, ആക്ക്? എനിക്ക് പാലഴിക്കോട്ടും വേണ്ട, മോരഴിക്കോട്ടും വേണ്ട. എനിക്കു വേണ്ടിയ ആളെ ഞാൻ തിരഞ്ഞെടുത്തോളാം.

ല. അ:—അദ്ദേഹത്തിനെ എന്താ നിനക്കു പിടിക്കായ്ക. എന്തുകൊണ്ടും ഇത്ര യോഗ്യൻ ഇല്ല.

ഹേമ:—അമ്മക്കത്ര ബഹുമാനമാണെങ്കിൽ അമ്മക്കുതന്നെയായിക്കോട്ടെ. എനിക്കു വേണ്ട. എനിക്ക് ക്ലബ്ബിലേക്കു പോകാൻ Time ആയി.

ല. അ:—ഹേമേ! ഇത്രയായിട്ടു ചതിക്കല്ലേ. ഞങ്ങടെ ഈ വയസ്സുകാലത്തു പോരായ വരുത്തല്ലേ. ഞങ്ങൾ അച്ഛനും അമ്മയും അല്ലേ. ഞങ്ങൾക്കൊരധികാരവും ഇല്ലാതെന്നോ?

ഹേമ:—വയസ്സായെങ്കിൽ മുമ്പിൽ ചത്തോളൂ. അതു തന്നെ അധികാരം. എനിക്ക് ഈ Rubbish പറഞ്ഞു നിക്കാൻ മനസ്സില്ല. ഞാൻ പോണു. (പോകുന്നു.)

ല. അ:—എടി കുറമ്പി! ഇതു നടക്കുമൊ ഇല്ലയൊ എന്ന് കാട്ടിത്തരാം. എന്തിനാ, അദ്ദേഹത്തിനെ കണ്ടാൽ മതിയല്ലൊ മയങ്ങി പാട്ടിലാവാൻ. അദ്ദേഹം വരട്ടെ. അതുവരെ ക്ഷമിക്കം. അന്നു ഞാൻ ചോദിച്ചോളാം നിന്നോട് (പോകുന്നു.)

## രംഗം. 4

[കമലാക്ഷി ഉദ്യാനത്തിൽ പൂ പറിച്ചു പാടിക്കൊണ്ടു പ്രവേശിക്കുന്നു.]

കമ:—(ആത്മഗതം) ആ സ്വാമി സുന്ദരയ്യൻ പോയേപ്പിന്നെയുള്ള പത്തു ദിവസവും ശിവശിവ, ചേച്ചീം അമ്മായീം കൂടിട്ടുള്ള അലറിച്ചേം മൂക്കു കടിക്കലും. രണ്ടുപേരും ഒഴിക്കുന്നില്ല. ചേച്ചീടെ സ്വകാൎയ്യം അമ്മായിഅമ്മക്കു മനസ്സിലായിട്ടുമില്ല. ഇനി ഞാനെങ്ങാനും അതറിഞ്ഞിട്ടുണ്ടെന്നുവന്നാൽ എന്റെ കഥ കഴിഞ്ഞു. എന്റെ ഈശ്വര! എന്നെ രക്ഷിക്കണെ (പാടുന്നു.) ഓ, ഇന്നു പ്രദോഷമാണ്. കുളിച്ചമ്പലത്തിലേക്കു കുറച്ചു കാലേ പോണം. വേഗം പൂവ് പറിച്ചുകളയാം. (പാടുന്നു.)

ഹൃഷീകേശവൻനമ്പൂരി ഓലക്കുടയും ഭാണ്ഡവുമായി ഒരു ദരിദ്രനെപ്പോലെ പ്രവേശിക്കുന്നു. കമല ഒളിഞ്ഞുമാറിനിന്നു പൂപറിച്ചുള്ള് എടുക്കുന്നു.)

ന:—(ആത്മഗതം.) സുന്ദരം സ്തുതിച്ച പെണ്ണ് ഇവളു തന്നെയാവണം. കണ്ടാൽ സുന്ദരം പറഞ്ഞതിലധികം നന്ന്. പ്രകൃതിയും സുന്ദരത്തിനോടു ശങ്കു പറഞ്ഞുപോലെയായാൽ ഞാൻ ഉറച്ചു. ഈ നാട്ടിലെങ്ങും ഒരുത്തനും ഇവളുടെ സ്വഭാവഗുണ

ത്തെപ്പററി സ്തുതിക്കാണ്ടില്ലെന്നല്ലെ ശങ്കു പറഞ്ഞ തു്. പാവം! അച്ഛനും അമ്മയുമില്ലാത്ത കുട്ടി. നിരീച്ചമട്ടിൽ കലാശിപ്പിക്കാൻ കുറച്ച ഞെരുങ്ങുമോ ആവോ? ആട്ടെ ഇപ്പോഴത്തെ പുറപ്പാടിൻെറ അവസാനമറിയട്ടെ. (പ്രകാശം) ബ്രാഹ്മണനക്കു് ഇവിടെ വല്ലദിക്കിലും ചോറ കിട്ടോ? ഒരു നമ്പൂര്യാ. തിരുവനന്തപുരത്തേക്കു് ഒരു താനത്തിനു പോവ്വാ.

കമ:—റാൻ. അടിയങ്ങളുടെ മഠത്തിൽ ബ്രാഹ്മണൎക്കു ഭക്ഷണത്തിനുള്ള വട്ടമൊക്കെയുണ്ടു്. നീരാട്ടുകുളിക്കു അടുത്തു ശിവൻെറ അമ്പലമുണ്ടു്. അവിടെ കുളത്തിലാവാം.

ന:—എൻെറ ഈ ഭാണ്ഡോം കുടേം എവിടാ വെക്കണ്ടെ? ശുദ്ധം മാറീതാ.

കമ:—റാൻ, അടിയൻ മഠത്തിൽ കൊണ്ടുപോയി വെച്ചോളാം. അടിയൻ നനയാനാ വിടകൊള്ളണെ.

ന:—നല്ലക്ഷ. ആരാ, മനസ്സിലായില്ല (എന്നു കൈകാണിക്കുന്നു.)

കമ:—കമലാക്ഷി. കുപ്പാട്ടിലെ കാന്നോരുടെ മരുമകളു് (കുടയും ഭാണ്ഡവും തോളത്തുന്നഴിച്ചു താഴെ വെക്കുന്നു.) (വിചാരം) നല്ല തേജസ്സുള്ള ബ്രാഹ്മണൻ. അതിസുന്ദരനും. ആ സുന്ദരയ്യൻ ശങ്കുമ്മാ

നോട്ട വർണ്ണിച്ച അഭിഗ്രഹത്തിനെ പോലെ തന്നെ; അതെൻെറ ഉള്ളിൽ വല്ലാണ്ട് പതിഞ്ഞിട്ടുണ്ട്.

ഹേമ:—(അകത്തുനിന്ന്), കമലേ! ഒന്നിങ്ങട്ടുവരൂ. ആരാവന്നേക്കണെ. ഒരു Nuisance

കമ—ഒരു നമ്പൂരിത്തിരുമനസ്സുകൊണ്ട്. വഴിപോക്കൻ.

ഹേമ:—Damn with the Namboodiries. I hate their very existence, Wish the whole community is drowned in water

(കമല കുടയും ഭാണ്ഡവുമെടുക്കുന്നു.)

ന:—(ആത്മഗതം) ബലേഭേഷ്. അതും സുന്ദരത്തിൻെറ വർണ്ണനയിൽ ഒരു മാററ് കൂടിത്തന്നെകാണുന്നു. ഇഷ്ടസിദ്ധിക്ക് എളുപ്പം കുറഞ്ഞോ അതൊ കൂടിയൊ ആവോ. ഒന്നു സമാധാനം. അതിനെക്കൊണ്ട് ഇങ്ങട്ട് ശല്യുണ്ടാവില്ല. ആ വേഷൊന്നു കാണാൻ തരാവില്ലെ ആവൊ.

(ഹേമ പ്രവേശിക്കുന്നു.) അ. ആ. ഇതിനെക്കണ്ടിട്ടുണ്ട്.

"നാല്ലാലി വ്രജഭക്തശാഡലല കചം ലില്ലിപ്രഭം വാർമുഖം ടെന്നീസ് കോർട്ട്—" എന്ന ആചാര്യവാക്യം പുറപ്പെട്ടത്. പട്ടിംകൂടിയുണ്ടായിരുന്നെങ്കിൽ ബീഭത്സ തതികഞ്ഞേനെ.

ഹേമ:—Professienal beggars (എന്ന് പതുക്കനെ പറയുന്നു)

ന:—എന്താ പറഞ്ഞേ മനസ്സിലായില്ല. മലയാളം വശല്ലേരിക്കോ?

ഹേമ:—(ഉറച്ചു ഹസിക്കുന്നു) വെറും Countries നിങ്ങൾക്കെന്തുവേണം. വഴിപോക്കർക്കുള്ള സ്ഥലം വേറേണ്ടല്ലോ. അനുവാദം കൂടാതെ വീട്ടിനകത്തു കടക്കരുതെന്ന് അറിഞ്ഞുകൂടെ?

ന:—അനുവാദം ചോദിക്കാനാ വന്നത്. ഒരു വാദം കിട്ടി. ഇനി ഭാവം അപവാദാണെങ്കിൽ പൊക്കോളാം. നിങ്ങൾക്ക് ഇവിടെ എന്താ?

ഹേമ:—എന്താന്നോ. ഇതെൻ്റെ അച്ഛൻ്റെ വീടാ. അതുതന്നെ.

ന:—കാഹൊ. എന്നാൽ ക്ഷ അബദ്ധം പററി ഈ തറവാട്ടിലെയാന്ന് വിചാരിക്കേണ്ടായില്ല. ഇനി ഇതിനെന്താ പ്രായശ്ചിത്തം. ക്ഷ അബദ്ധം പററ്യേനും. (എന്നു വിചാരിക്കുന്നു. മട്ടിശീല ഉറക്കാൻ ഭാവിക്കുന്നു.)

ഹേമ:—(സ്വഗതം) ഈ illiterate people നോട് സംസാരിക്കണതുതന്നെ self-degradation ആ. Sheer waste of time (പുച്ഛത്തോടും കോപത്തോടുംകൂടി നമ്പൂരിപ്പാട്ടിലൂടെ നേരെ നോക്കി പോകുന്നു. കമല പരുങ്ങുന്നു.

ന:—എയ് പരിഭ്രമിക്കണ്ട. ധാരാളം മനസ്സിലായി. അറിഞ്ഞു പ്രയോഗിച്ചതാണ്. ഇത്തിരി ഒന്നു

ഇറക്കാനാ വിചാരിക്കണെ. ആദ്യം ഞാൻ പറഞ്ഞത് കുറച്ച ഭോഷ്ക്കാണ്. പാലഴിക്കോട്ടില്ലത്തയാ. സുന്ദരം ഇവിടെ വന്നതൊക്കെ അറിഞ്ഞിരിക്കുല്ലൊ.

(കമല പരിഭ്രമിക്കുന്നു.)

അവിടെവന്ന് കേമായിട്ട സ്തുതിച്ചു. ചട്ടക്കാരത്തിയെ നല്ലോണം മനസ്സിലാക്കിത്തരുകയും ചെയ്തു. (കമലകീഴ്പ്പോട്ട് നോക്കുന്നു) നേരിട്ട കണ്ട് കമലേടെ മനസ്സറിയേണം എന്നു വെച്ചു വരേ. (കമല കാൽവിരൽകൊണ്ട് നിലത്തുവരക്കുന്നു. കണ്ണിൽനിന്നു വെള്ളം പൊടിയുന്നു.

ന:—എന്താ ഒന്നും മിണ്ടാത്തെ. ഞാൻ പറഞ്ഞത് അവിവേകായോ?

(കമലതൊഴുന്നു) എന്താ വിരോധമാണെങ്കിൽ ഞാൻവാക്ക് പിൻവലിച്ചു.

കമ:—(പതുക്കെ) അമ്മാമനെ അറിച്ചിട്ടുവേണ്ടെ?

ന:—അതു വേണം. പക്ഷെ കമലാക്ഷിടെ അഭിപ്രായല്ലെ ആദ്യമറിയേണ്ടത്. (കമലാക്ഷി ലജ്ജിച്ചു നില്ക്കുന്നു.) ആട്ടെ വളരെ സന്തോഷായി. ഇപ്പോ ഠം ഇതൊക്കെ നമ്മുടെ ഉള്ളിൽ ഇരുന്നാൽ മതി. തിരശ്ശീല ക്രമത്തിൽ പൊക്കിക്കോളാം. ഇപ്പോഠം താനത്തിനുപോണ വഴിപോക്കൻതന്നെ. പക്ഷെ

താന്നത്തിൻെറ സമ്പ്രദായം ഒന്നു മാറി (എന്നു ചിരിക്കുന്നു. കമലയും പുഞ്ചിരികൊള്ളുന്നു). രാത്രി കാണാൻ സാധിക്കില്ലല്ലോ. ഞാൻ നേരത്തെ പോകും. അടുത്തു കാണാം.

[എല്ലാവരും പോകുന്നു]

---

## രംഗം. 5.

[Ladies Club പരിചാരിക പാറു യൂറോഷ്യൻ വെള്ളക്കാരത്തിയുടെ വേഷത്തിൽ പ്രവേശിക്കുന്നു.]

പാറു:— (ആത്മഗതം) എന്താ ഇന്നു മിസ്സി അമ്മമാരേ ആരേം കാണാനില്ലല്ലോ. ആം പ്രദോഷ സന്ധ്യാവാൻ ഇരിക്കായിരിക്കാം. ആരാ വരണെ (എന്നു ചെവിവട്ടമാക്കുന്നു) (വേലു പ്രവേശിക്കുന്നു).

വേലു:— അയ്യടീ നിൻെറ വേഷം. ഗോപാലൻ ചേട്ടൻെറ ശ്രുപ്പ്ണഖതന്നെ. അതുപോലെയൊന്നാടടി. ഞാൻ പാടാം.

പാറു:—പോടാ കുരുത്തംകെട്ട ചെക്കാ. വയറു പെഴക്കണെങ്കിൽ ഈ വേഷൊക്കെ വേണെടാ.

വേലു:—ആട്ടെ ഒന്നു മതി. ഒന്നാലറ്. ഇന്നലെ ആ മംഗലിമിസ്സീമ്മ അലറീതുപോലെ. എന്താടി ഇന്നലെണ്ടായേ ഇങ്ങനെ അലറാൻ.

പാറ:—അതോ, എട വേലു, ചിറിച്ച് പള്ളപൊട്ടീടാ. എന്തുതമാശായീടാ, ആ മംഗളമോഹിനിഅമ്മ അവരുടെ മേനോൻ കോടതീന്നു വന്നപ്പോൾ കോടതീലെന്തോ കശപിശ ഉണ്ടായിന്നു പറഞ്ഞൂത്രെ. കയ്യുളളവക്കീലും ആദിരാമയ്യനും കൂടി ശണ്ഠകൂടി. സ്വാമീടെ തലപ്പാവ് കയ്യുള്ള പിടിച്ചുകീറി. സ്വാമി അയ്യാളുടെ മിശക്കു പിടിച്ചു. അപ്പൊ മിശ കയ്യിലിങ്ങട്ടു പോന്നു. വെച്ചു കെട്ടീതായിരുന്നുവത്രെ. ഇതു കേട്ടപ്പോ ഹേമമിസ്സ്യമ്മക്ക് മൊകം വീത്തു. ആ അമ്മ ഒരു മങ്ങലിടെമിതെ മോന്ത കമത്തി. അതൊരുകഴുത ചൊമന്നോണ്ട് പോണതായിട്ട് ഒരു ചിത്രമെഴുതി എല്ലാവരേം കാട്ടി. അവടെയിരിക്കുന്നോരപ്പടി ആ മങ്ങല്യമ്മേടെ മോകത്തു നോക്കി ചിറിച്ചു. അവരലറി ആ കടലാസ്സാ പിച്ചിച്ചീന്തിക്കളെഞ്ഞു. തുടങ്ങി രണ്ടും കൂടി കടിപിടി. തൊള്ളേത്തോന്നീതൊക്കെ പ്പറഞ്ഞു. അപ്പോകേട്ടതാണ് മങ്ങല്യമ്മടെ അലറല്.

വേലു:—മങ്ങല്യമ്മ കമ്മളെ ശകാരിച്ചാൽ മറേറാളക്കെന്തടി?

പാറ:—എന്താന്നോ? അവര് തമ്മിൽ എന്തൊ വല്യൊന്നാത്രെ. കമ്മളുടെ സ്ത്രീപാർട്ടും മറൊറ ആ.

ണത്രെ ഹോമമിസ്സി. ഞാൻ പറഞ്ഞൂന്നാരോടും പറഞ്ഞേക്കല്ലേടാ.

വേലു:—ബറാബർ: ഗുഡ്മാഹാണിസലാം. കൊടുകൈ. എന്റെ പാറമിസ്സേയ്യമ്മേ (എന്ന് ഇഴഞ്ഞ മട്ടിൽ വിളിക്കുന്നു.) ഇത്തിരി കടിക്കാനും കുടിക്കാനും തരാമൊ. വിശന്നിട്ടും ദാഹിച്ചിട്ടും വയ്യ.

പാറ:—പോടാ ചെക്ക ഇവിടെവിടുന്നാ?

വേലു:— മിസ്സേയ്യമ്മമാക്കിണ്ടാക്കിട്ടുള്ള കാപ്പീം പലഹാരവും തന്നാൽ നിങ്ങക്കെന്താ ചേതം? പിന്നെ; ആക്കും കൊടുക്കാഞ്ഞ് തിന്നാൽ പോക്കായിട്ട് ജന്മിക്കും കിട്ടോ.

പാറ:—അതു പിന്നെ നിനക്ക് തരാനുള്ളതല്ലെ?

വേലു:— (തൊഴുതുകൊണ്ട്) അല്ലല്ലാ ഇവിടെക്ക് അമ്മേത്തിനുന്നേ. ഇപ്പോത്തന്നെന്താമടില്ല് (മടി കടന്നു പിടിക്കുന്നു).

പാറ:—എടാ, തൊട്ടാൽ ഉണ്ട് കിട്ടോ. (മടിയിൽ നിന്ന് പലഹാരങ്ങൾ താഴത്തു വീഴുന്നു.)

വേലു:— അവടം പറ കുട്ടണാച്ചി. (ഒന്നെടുത്തു) പോച്ചൊന്നാൽപോണം വരച്ചൊന്നാൽവരണം. ഓടിപ്പോന കരിപ്പെണ്ണെ (തിന്നുന്നു) ഒന്നേറെ ഒന്നെടുത്തു (പകുതികടിച്ചിട്ട്) എടി പററിച്ചില്ലെ ഇതിലെരച്ചീ

ണ്ടല്ലോടി. ഈ പ്രദോഷസമയത്ത് അമ്മാമൻ അറിഞ്ഞാൽ അടിച്ചു ഓണം കഴിക്കും

പാറു:—അയ്യയ്യ, തെല്ലെനിക്കു താട (പാറുവും വാരി ത്തിന്നുന്നു.)

വേലു:—ആവൂ കമ്പ ഇത്തിരി നിറഞ്ഞു. ദാഹിച്ചിട്ടു പൊറുതില്ല. കാപ്പീം ചായേം വല്ലതും ഇരിക്കുണ്ടോടി. ഇത്തിരി പാലെങ്കിലും താ.

പാറു:—എന്തു കാപ്പി; പാല് നിനക്കു തന്നാൽ അവക്കൊ?

വേലു:—കെണറില്ലേ. കോരി വിട്ടുക്കണം.

പാറു:—പോട അസത്തെ.

വേലു:—നിന്നെ എന്റെ ശ്രീ പാട്ടാക്കാം.

പാറു:—കുരുത്തം കെട്ട ചെക്കൻ (എന്നു പറഞ്ഞു കവിള തിരിച്ച് ഓടുന്നു. വേലു പിന്നാലെ ഓടുന്നു.)

(ഹേമ പ്രവേശിക്കുന്നു. സോഫയിലിരുന്നു കടലാസ്സു വായിച്ചുകൊണ്ട് "ബോയ്" എന്ന് വിളിക്കുന്നു)

പാറു:—(അകത്തുനിന്ന്) എന്താ മിസ്സ്യേമ്മേ.

ഹേമ:—കുറച്ചു ചിപ്സും ഒരു കുപ്പി ലമണേഡും കൊണ്ടുവരൂ.

(പാറു കൊണ്ടു വന്നു വെക്കുന്നു.)

ഹേമ:—ഞാൻ മിസ്റ്റർ കയ്മളോട് Six ന് ശരിക്കു വരാനാണല്ലോ പറഞ്ഞിരുന്നത് (വാച്ചുനോക്കീട്ട്)

five minutes past six-Dear എന്താ താമസിക്കണെ. കാണട്ടെ, മീശ ഞാൻ പിടിച്ച് തിരിച്ചേക്കാം.

(ശിവകുമാരക്കയ്മൾ പ്രവേശിക്കുന്നു )

ഹേമ:—എന്താ Dear ഇത്ര വൈകിയതു്?

ക—കുറച്ച് busy ആയിരുന്നു. ഒരു മീററിംഗ് അററണ്ടു ചെയ്യാൻ ഉണ്ടായിരുന്നു.

ഹേമ—ഓ, സാർ വല്ല്യേ ആളല്ലെ. എന്നോടു പറഞ്ഞ timeനു വരണ്ടായിരിക്കാം.

ക:—പരിഭവിക്കരുതു്.(കൈ കടന്നു പിടിക്കുന്നു)

ഹേമ:—ആ കുററത്തിന്നിതിരിക്കട്ടെ (എന്നു മീശപിടിച്ചു പിരിക്കുന്നു.)

ക:—കോടതിന്ന് ഈ പെഴയുംകൂടി കല്പിച്ചേക്കു (ഒരു പൂവ്വട്ടമ്മ് മാറത്തു കുത്തുന്നു) Darling ഇവിടെ വല്ലാത്ത ഉഷ്ണം. നമുക്ക് Walk ന് പോവ്വ.

ഹേമ:—Drinks വല്ലതും വേണോ? Solid ആയിട്ടു. വേണെങ്കിൽ അതുണ്ട്. എല്ലാവക്കും കരുതിട്ടുണ്ടാവും.

ക:—അ, അവരാരും വന്നില്ലല്ലോ, എന്താതു്.

ഹേമ:—അവരൊക്കെ ഇന്നൊരു party ക്ക് പോയിരിക്കുന്നു. അതല്ലേ ഇപ്പോഠം meet ചെയ്യാമെന്നു ഞാൻ inform ചെയ്തതു്. എന്താ അവരെക്കാണാഞ്ഞിട്ട് സുഖക്കേടായിരിക്കോ? എന്നെ ക

ണ്ടാൽ പോര അല്ലേ? ബോയ്, മിസ്റ്റർ കസ്തൂറിക്ക് coffee യും പലഹാരവും.

(പാറു കൊണ്ടുവന്നു വെക്കുന്നു. കസ്തൂറി കഴിക്കുന്നു.)

ഹേമ:— പിന്നേ, important ആയിട്ട് ഒന്ന് talk ചെയ്യാനുണ്ട്.

ക:- (ചിരിച്ചുകൊണ്ട്) എന്താത്. വല്ല presents വേണന്നായിരിക്കാം.

ഹേമ:—(കസ്തൂരിയുടെ താടിയിന്മേൽ തോണ്ടികൊണ്ട്) അല്ല, ഒരു presents താറാനാ— serious ആയിട്ട് ഒന്നു സംസാരിക്കാൻ സമ്മതിക്കില്ലല്ലോ.

ക:— ഉം, എന്താ ഇത്ര Serious ആയിട്ട്? I am all gravity (ഗൌരവം നടിക്കുന്നു.)

ഹേമ:— അച്ഛന്റേം അമ്മേടേം ഉപദ്രവംതന്നെ. രണ്ട് uncivilized fogeys ഒരു abominable നമ്പൂരിപ്പാടിനെ ഞാൻ marry ചെയ്യണമത്രെ. അവരുടെ നിർബ്ബന്ധം തീരെ ഒരു nuisance ആയിത്തീർന്നിരിക്കുന്നു. I hate the very place and face of those two fosilised croms ഇങ്ങിനെയുള്ളവരുള്ള കാലം നായർ Society ക്ക് progress എങ്ങിനെയുണ്ടാവും?

ക:— ഇവററകൾക്ക പറഞ്ഞാലും കാട്ടിക്കൊടുത്താലും മനസ്സിലാവില്ല. ഇന്നാളാണ് ഞാൻ ആ custom killing crusade league ല് grand ആയിട്ട് ഒരു പ്രസംഗം നടത്തിയത്. പരസ്പര

സംബന്ധോം മിശ്രഭോജനോം മക്കത്താ യോം ആകാതെ നമ്മുടെ community ലേശം advance ചെയ്യില്ലാന്നു ഞാൻ മനസ്സിലാക്കിക്കൊ ട്ടത്തു. western authorities അസംഖ്യം ഞാൻ quote ചെയ്യേം ചെയ്യു. എന്നിട്ട് result എന്താ? പണ്ടത്തെപ്പോലെതന്നെ. ശരിയാണു് dear ഇവ രോട്ട് argue ചെയ്തിട്ട് ആവശ്യമൊന്നുല്ല. Take the law into your owu hands.

ഹേമ:- Right O! ഇവരെപ്പററിപ്പിക്കാൻ ഒരു revolution അല്ലാണ്ട് സാധിക്കില്ല. നമ്മളുതന്നെ example set ചെയ്യുകളയാം. Parents ൻെറ നിർബ്ബന്ധം നിക്കിണില്ലെങ്കിൽ why not we elope. Civilised Europe ൽ വലിയ വലിയ ആളുകളുടെ ഇടയിൽ തന്നെ വളരെ prevalent ആണല്ലൊ.

ക:—വളരെ ശരിയാണതു്. പക്ഷെ നമ്മുടെ ഈ wretched മരുമക്കത്തായം custom ഒരു കേടായിട്ട് തീരുമല്ലോ. ഗോവിന്ദമേനോൻ ശുണ്ഠിട്ടത്തു് പണ മൊക്കെ മററു വല്ലവക്കും കൊടുത്താലോ?

ഹേമ: — കൊടുക്കേ? Nair regulation ഇരിക്കുമ്പോ? പോരെങ്കിൽ നിങ്ങടെ വക്കീലല്ലെ. ആ ഭയം എ നിക്കില്ല. പിന്നെ പണമില്ലെങ്കിലെന്താ. There

will be more romance in our adventure. True love എന്താണെന്നു പഠിപ്പിക്കയും ചെയ്യാമല്ലോ.

ക:—പഠിച്ചുവെങ്കിലല്ലെ, these clay-headed old people.

ഹേമ:— (സ്വരഭം മാററിക്കൊണ്ട്) നിങ്ങളെന്തിനാ അതും ഇതും പറേണെ മിസ്റ്റർ കയ്മൾ? സമ്മതല്ലെങ്കിൽ let us part (എന്ന് എഴുന്നേൽക്കുന്നു.)

ക:— (കൈ കടന്നു പിടിക്കുന്നു.) ഞാൻ പറഞ്ഞതു misunderstand ചെയ്യരുത്. Hem, Dear, എന്റെ love ഇനീം മനസ്സിലായിട്ടില്ലാന്നോ. വേണ്ടിവന്നാൽ ഞാൻ അതിനും തയ്യാറാണ്. വേണെങ്കിൽ മാത്രം പോരെ എന്നാ വിചാരിച്ചത് ഒരു word പറയൂ എന്നാൽ ഇപ്പോ ready ആണല്ലോ.

ഹേമ:—അവിടെ വന്നു നോക്കു. അപ്പോൾ കാര്യം മനസ്സിലാവും.

ക:—എന്നാൽ അതിനുള്ളൊരുക്കമൊക്കെ ചെയ്യാം. ഹേമേടെ love ഉണ്ടെങ്കിൽ പിന്നെ വേറെ എന്തുവേണം? Love is heaven, heaven is love എന്നില്ലേ. ഇനി വീട്ടിലേക്ക് പോവ്വാറായില്ലെ. ഞാൻ അവിടെവരെ accompany ചെയ്യാം.

ഹേമ:— Oh! yes എന്നാൽ പോക.

(രണ്ടു പേരും പോകുന്നു.)

———

## രംഗം. 6.

[വഴി. പാവഴിക്കാട്ട് നമ്പൂതിരിപ്പാട് അമ്പലത്തിലേക്ക് രണ്ടാംമുണ്ട് വീശിക്കൊണ്ട് പ്രവേശിക്കുന്നു.]

ഹേമ:—(അകത്തുനിന്ന്) ദേ! ഇന്നവിടെ ഒരു wretched നമ്പൂരി വന്നു കൂടീട്ടുണ്ട്.

ക:—ചോറം പണോം കണ്ടേടത്തു തെണ്ടിനടക്കുന്ന വക. ആ മഠം അവിടന്ന് ആദ്യംതന്നെ പൊളിച്ചുകളയണം. പടിക്കലൊരു പ്യൂണിനേം നിത്തണം. നമ്മുടെ കയ്യിൽ കിട്ടട്ടെ.

(രണ്ടുപേരും പ്രവേശിച്ചു നടക്കുന്നു.)

ഹേമ:—അതല്ല, അവരുടെ ഒരു insolance നോക്കു. ഞാൻ ഒരു stranger. എന്നെക്കണ്ടപ്പോഴ് തുറിച്ചുനോക്കി ആരാ, എന്താ എന്നൊക്കെ ചോദിക്ക. whip കൊണ്ടൊന്നു കൊട്ടത്താൽ എന്താ എന്നു തോന്നി.

ക:—ഒന്നു കൊട്ടുകയായിരുന്നില്ലേ. ഞാനാണെങ്കിൽ ഒന്നു കൊട്ടത്തേനെ. ഇതാണ് അവർക്ക് Education ഇല്ലാത്തതിൻെറ ഫലം. ഒരു manners ഇല്ലായ എനിക്ക് കണ്ടാൽ കലി വരും.

ഹേമ:—Education ഉണ്ടായിട്ടെന്താമെല്ലം. ആ കമലെക്കാണാണ്ടതായിരുന്നു. ലോക്യം പറയലും ഭാണ്ഡം ചുമക്കലും. Silly girl, (രണ്ടുപേരും cigarette കളത്തി വലിക്കുന്നു.)

(നമ്പൂരിപ്പാട്ട് തിരിഞ്ഞുനോക്കുന്നു.)

ന:—(സ്വഗതം) കഷ്ടം! കാലം മാറിയ്ക്കു! പരിഷ്ക്കാരം ഭ്രമിച്ചു മാനവും മൎയ്യാദയും വിട്ട് എന്തും കാട്ടാമെന്നായി. ഒരു കന്യക. അതിന്റെ വേഷം. ഇങ്ങനെയുള്ള കൂട്ടം. വിദ്യാഭ്യാസംകൊണ്ടു് വകതിരിവും മാനവും ഉണ്ടായില്ലെങ്കിൽ അതെന്തു വിദ്യാഭ്യാസം? സ്ത്രീവിദ്യാഭ്യാസംകൊണ്ടു വിനയവും വിവേകവും അല്ലാണ്ടു ഇതുപോലെ കെട്ടിക്കേററവും തുള്ളിച്ചാട്ടവും ആയാൽ നാടിന്റെ ഗതി എന്താ? കമലാക്ഷിയെ ഇതൊന്നും ബാധിക്കാഞ്ഞതു് എന്റെ ഭാഗ്യം.

(രണ്ടുപേരും നമ്പൂതിരിപ്പാട്ടിലെ അടുത്തെത്തുന്നു. സിഗററിന്റെ കുററി കയ്യൽ വലിച്ചെറിയുന്നു. നമ്പൂരിയുടെ അടുക്കൽ വന്നു വീഴുന്നു.)

ന:—മുണ്ടു് ഉണങ്ങികഴിഞ്ഞു. ഇനി തീയ്യിന്റെ ആവശ്യമില്ല.

ക:—Impertinent. നിങ്ങൾ ആളെ അറിഞ്ഞു സംസാരിക്കണം.

ന:—ആളാണെന്നറിഞ്ഞിട്ടാണു പറഞ്ഞേ.

ക:—കഴുതം

ന:—അ. ആളല്ല, കഴുതയാ അല്ലേ: ശീമേലെ കഴുതകളെ അത്രഞ്ഞാനെ കണ്ടിട്ടില്ല. എന്നാൽ കുറാല്ല. പൊയ്ക്കളയാം.

(കസ്സൽ വടി വലിച്ചെറിയുന്നു.)

ന:—(വടിയെടുത്തു) അ. ക്ഷ. കഴുതകളുടെ അട്ടക്കൽ ചാടി വീണാൽ വടിയുണ്ടാവുന്നതാ സുഖം. ഇച്ചി ലും വാറം ഒന്നും ആയിട്ടില്ലല്ലൊ.

ക:— എന്താടൊ വേണോ തനിക്ക്.

ന:— എയ്, എനിക്ക് തന്നതല്ലേ? ഞാൻ അങ്ങ നെയാ നിരിച്ചേ. അല്ലെങ്കിൽ വേണ്ട.

ഹേമ:—കൊടുക്ക Dear, boots കൊണ്ടൊരു ചവിട്ട്.

ന:— ഓ, ചവുട്ടും ഉള്ള കഴുതയാ അല്ലെ. ഇനി സൂ ക്ഷിക്കണം. (എന്നു നടന്നു പോകുന്നു.)

ഹേമ:— Shamleses beggar: ഇതിൻെറ മുമ്പിലാണ് കമലയുടെ coquetry ഉണ്ടായത്. എങ്ങിനെയാ ഇങ്ങിനെയുള്ള ഒന്നിനോടുകൂടി civilized ആയിട്ടു ള്ളവർ ഒരു ദിവസം കഴിക്ക? അതുകൊണ്ട് അമ്മ ഇനി press ചെയ്യാൽ ആ very moment elopement. (വീടിൻെറ വാതിക്കൽ എത്തുന്നു.) Be prepared dear.

ക: - Ready at any moment,my bonny bird; Good-bye.

---

## രംഗം. 7.

[ഗോവിന്ദമേനവനും ലക്ഷ്മിക്കുട്ടിയമ്മയും നിലത്തിരു ന്നുകൊണ്ട് പ്രവേശിക്കുന്നു.]

ല. അ:—എന്താ ഒരു നമ്പൂരി മഠത്തിലുണ്ണാൻ വന്നി

ട്ടുണ്ടെന്നു് കേട്ടു.. നമ്മുടെ അദ്ദേഹത്തിൻെറ ആരുമല്ലല്ലൊ.

ഗോ:— എയ്! ഏതൊ ഒരു വഴിപോക്കൻ നമ്പൂരി. മററതാണെങ്കിൽ ഇങ്ങനെയാ നല്ക്കരിക്ക?

ല. അ:— ഓ, നമുക്കു് നല്ലജോലിയായി ഇനി. ഗവണ്ണരുടെ വരവു്, ഹേമേടെ കല്യാണം. പിന്നെ കല്യാണം കഴിഞ്ഞാൽ ഒരു Garden party വേണം. എൻെറ വക കല്യാണസമ്മാനം തീച്ച്യയാക്കീട്ടുണ്ടു്. നല്ല ഒരു Necklace P. Orr and Sons ൻെറ അടുക്കൽ നിന്നുതന്നെ വരുത്തണം. പിന്നെ നിങ്ങടെ വക ഒന്നാം തരം ഒരു മോട്ടോർ കാറാവട്ടെ.

ഗോ:—മഃനം കുറയ്ക്കാണ്ടും മടിശ്ശീല തുറക്കാണ്ടും ഉള്ള മട്ടുമതി.

ല. അ:—ഇതു കേക്കുമ്പോളാ. നിങ്ങളുടെ പണൊമററൊ ആണെന്നു് തോന്നും. ഞാൻ ഇല്ലെങ്കിൽ കാണാമായിരുന്നു. എനിക്കു ഒരു കുട്ടിയെയുള്ളൂ. ഇതൊക്കെ അവൾക്കുള്ളതാണേനും. എന്നിട്ടും അതിന്നു അവളുടെ കല്യാണത്തിന്നു് ഒരു സമ്മാനവും കൂടി കൊടുക്കുവയ്യാ അല്ലെ. നിങ്ങളെന്തെങ്കിലും ആയിക്കോളൂ. എൻെറ സമ്മാനം ഉറച്ചു.

(നമ്പൂരി പ്രവേശിക്കുന്നു.)

ല. അ:— കടക്കാം, ഇരിക്കു.

ഗോ:— എവിടുന്നാ?

ന:— ഇല്ലത്തുന്നിന്ന്. ഒരു താനത്തിന്നായി പോവ്വാ.

ഗോ: — ഇല്ലം എവിടാ?

ന:— മാനാമംഗലത്തു കോലോത്തിന്റെ അടുത്താ. കോലകംകൊണ്ടാ കഴിച്ചില്. ചുരുക്കത്തില് ഒരിശ്വരസേവയായക്കെണ്ടു്.

ല. അ:— അച്ഛനും അമ്മയും ഒക്കെ ഇല്ലേ?

ന:— ഇല്ല.

ല. അ:— കാരണോരായിരിക്കോ?

ന:— അല്ല. ഏട്ടൻ ഉണ്ടു്. രാജാവു് മേനോനെ പ്പാറി ക്ഷ സ്തുതിച്ചു കേട്ടിട്ടുണ്ടു്. അതുകൊണ്ടു് വന്നവസ്ഥക്കൊന്നു കാണണം എന്നു വെച്ചു് കേറേ. ഊണൊക്കെ വളരെ സുഖായി.

ഗോ: മുറക്കാം. (നമ്പൂരി മുറുക്കുന്നു. ലക്ഷ്മി അമ്മ അടക്ക വെട്ടുന്നു.) (വിചാരം) മാനാമംഗലത്തല്ലേ താമസം. കൊള്ളരുതാത്തവരാവില്ല. ഇദ്ദേഹത്തിന്റെ തലയിൽ ആ കമണ്ഡലയും കെട്ടിവിട്ടാൽ എന്താ (പ്രകാശം) അങ്ങു വേളികഴിച്ചിട്ടുണ്ടോ?

ന— ഇല്ല. ഞാൻ വേറ്ക്കണം എന്ന് നിരീക്കി ണില്ല. വളരെയൊന്നും കൊടുക്കാണ്ടു് ഭേദപ്പെട്ട

വല്ല വീട്ടിലും സംബന്ധം തരായാൽ അപ്പൊ തരം പോലെ ആവാം.

ഗോ:—(ചിരിച്ചുംകൊണ്ട്) എന്നാൽ എന്റെ ഒരു മരുമകളുണ്ട് എങ്ങനെയാ?

ന:—എനിക്കെന്തൊ വിരോധം. ഏട്ടനോട്ടും കോലകത്തും ഒന്നു ചോദിക്കണം.

ല. അ:—ആളെ അറിയാണ്ട് എന്തിനാ അദ്ദേഹത്തിനെ കഷ്ണിപ്പിക്കണെ. (നമ്പൂരിയോട്) തിരുമേനി, വെറതെ സേവക്കൊന്നും സമ്മതിക്കണ്ട.

ന:—എയ്, ഈ തറവാട്ടിനെപ്പററി ഞാൻ വളരെ കേട്ടിട്ടുണ്ട്. എനിയ്ക്ക് നന്ന സന്തോഷം തന്നെ.

ല. അ:—ഒക്കെപ്പെത്തുക്കനെ ആലോചിച്ച് തീർച്ചയാക്കാം. ഇപ്പൊന്നും ആലോചിച്ചില്ലെന്നു വെച്ചാൽ മതി.

ന:—എനിക്കെന്തൊ ഇനി ആലോചിക്കാനുള്ളെ. നിങ്ങളൊക്കെ ആയിട്ടൊരു ബന്ധം ആയാൽ ഏട്ടനും സന്തോഷെ ആവൂ. എങ്കിലും ഒന്ന് ചോദിക്കണെല്ലൊ എന്നു മാത്രേള്ളൂ.

ഗോ:—എന്നാൽ അങ്ങനെവെക്കേ. അത്താഴം കഴിഞ്ഞു തീർച്ചാക്കീന്ന് വരണ്ട. അതുകൊണ്ട് ഇല്ലത്തുപോയിട്ട് തീർച്ചയാക്കി മറുപടി അയച്ചാൽ

മതി. ഇല്ലപ്പേരു് എന്താ? അതും അറിയണമല്ലോ:

ന:— കാലടിമിററം എന്നാ.

ഗോ:— എന്നാൽ കിടക്കാറായെങ്കിൽ അങ്ങനെയാവട്ടെ.

ന:— ഈ ഭാഗ്യം നിരീച്ചില്ല. അ. ഇവിടത്തെ ഔദാൎയ്യം പ്രസിദ്ധാണല്ലൊ. കുചേലന്നു ഭഗവാൻ അങ്ങനെയാണല്ലൊ ഉണ്ടായതു്. (പോകുന്നു.)

ല. അ:—ഇവിടയ്ക്കു് ഒരു ജോലീല്ലാണ്ടു്. എന്താ ഈ കാട്ടീതു്.

ഗോ:— ഈ ഭാരം വല്ലവിധത്തിലും ഒഴിച്ചുവിട്ടാൽ അതു തീൎന്നുലൊ എന്നു വിചാരിച്ചിട്ടാ.

ല. അ:—എന്താ ഭാരം. ഇനി കൂട്ടുകയല്ലെ ചെയ്യു. അദ്ദേഹവുംകൂടി ഇങ്ങോട്ടു വലിഞ്ഞുകേറം. വേണ്ടാത്ത അബദ്ധമൊക്കെ പററിക്കും.

ഗോ:—എന്താ അബദ്ധം. അവളെ എന്നെങ്കിലും ഒരാളുടെ തലക്കൽ വെച്ചുകെട്ടണ്ടെ. ഇദ്ദേഹായാൽ ചെലവും ഘോഷവും ഒന്നുംകൂടാണ്ടു് കഴിക്കാം. അതുകൊണ്ടു് ഇതു് ഉപായത്തിലങ്ങനെ നടന്നോട്ടെ എന്നു വെച്ചിട്ടാ.

ല. അ:—അതെ. ഇപ്പൊപ്പറയല്ലേ. അപ്പൊ തുമ്പില്ലാണ്ടൊരുപടി വെറുതെ ചെലവാക്കും. ഇനി പറഞ്ഞിട്ടെന്താ കാൎയ്യം. ഒന്നു നിശ്ചയം. ആഃഘോ

ഷവും സദ്യയും ഒന്നും വേണ്ട. അങ്ങനെ ആരേയും അറിപ്പിക്കയും വേണ്ട.

ഗോ:— ഞാനതു നിരിച്ചിട്ടയില്ല. അതൊക്കെ പഴയമട്ടിൽതന്നെ നടക്കും.

ല. അ:— ആട്ടെ അതിനുമുമ്പൊരുകാൎയ്യം ചെയ്യണം. സ്വത്തു മുഴുവൻ എന്റെയും ഹേമേടേയും പേൎക്കാക്കിയേക്കു. അല്ലെങ്കിൽ ഇനി അതിലും വല്ല വിഡ്ഢിത്തോം പററിക്കും.

ഗോ:— ഇല്ലെന്നു് ഞാൻ എറാൽപോരേ. എന്നെ ഇതു വിശ്വാസമില്ലേ. ഇതുവരെ അറിഞ്ഞിട്ടുമില്ലെ. വേണമെങ്കിൽ ഒന്നുംകൂടി ചെയ്യേക്കാം. Will എഴുതിവെച്ചേക്കാം.

ല. അ:—അതൊന്നും പററില്ല. കമലേടെ സംബന്ധം കഴിഞ്ഞാൽ അവളെ നമ്പൂരി എവിടെയെങ്കിലും താമസിപ്പിച്ചോട്ടെ.

ഗോ:— അതൊക്കെ ഞാൻ പാകംപോലെ ആക്കാം. ലക്ഷ്മിക്കുട്ടിക്കു് അഹിതായിട്ടു് ഒന്നും വരില്ല.

---

## രംഗം 8.

(നറയം. കമല തുന്നിക്കൊണ്ടും പാടിക്കൊണ്ടും ഇരിക്കുന്നു. ഒരു സന്യാസി പ്രവേശിക്കുന്നു.)

സന്യാസി:— ഹരേ രാമ ഹരേ രാമ രാമരാമ ഹരേ

ഹരേ. ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ. ഇത്തിരി ഭിക്ഷ തരണേ. വെശപ്പു സഹിക്കവെയ്യേ. രണ്ടു ദിവസമായി ഭക്ഷണം കഴിച്ചിട്ട്. വളരെ അകലേന്നു വരുകയാണ്.

(കമല ഉമ്മറത്തു നിൽക്കുന്നു. അകത്തുപോയി കുറച്ചു പലഹാരവും അരിയും കൊണ്ടുവരുന്നു.)

കമല: — ചോറൊക്കെക്കഴിഞ്ഞു. തല്ക്കാലം ഈ പലഹാരംകഴിച്ച് അരിയുംകൊണ്ടു പൊയ്ക്കോളു.

ഹേമ: — (അകത്തുനിന്ന്) കമലേ: ജാക്കററ് തുന്നിക്കഴിഞ്ഞോ.

സന്ന്യാസി: — നാരായണ, നാരായണ, ഗോവിന്ദാ, ഗോവിന്ദ.

ഹേമ: — ആരാ പുറത്ത് (എന്നു കയ്യത്തുംകൊണ്ടുവരുന്നു) കമലകാരണം ഈ കഴുക്കളൊക്കെ വലിഞ്ഞു കേറണെ. കണ്ട പിച്ചക്കാൎക്കു തിന്നാനുള്ള മുതലല്ലാ ഇവിടെ. (കമലയെ നോക്കി) ആ പലഹാരമൊക്കെയെടുത്ത് ആരാ കൊടുക്കാൻ പറഞ്ഞത്. എത്രവളരെ അരിയാ കൊടുത്തിരിക്കുന്നേ (സന്ന്യാസി കോപം നടിക്കുന്നു.)

കമല: — എടന്നേരത്തിന്റെ ബാക്കിയാണ് കൊടുത്തത്. ഇനി ആവശ്യമില്ലല്ലൊ.

ഹേമ: — എന്നാലോ കമലയ്ക്കു തോന്നിയതുപോലെ കൊടുക്കാനാ. കമലേടെ ഇഷ്ടംപോലെ ചെയ്യാ

നുള്ള ദിക്കാ ഇതു്. എൻെറ അച്ഛൻെറ സ്വത്താണ്. കുറച്ചു ദിവസമായി ഞാൻ പറയണം എന്നു വിചാരിക്കുന്നു. ഇവിടെ താമസിക്കണെതന്നെ നിൻെറ ഭാഗ്യം എന്നു വിചാരിച്ചോ. അങ്ങനെയുള്ളവരാ സൽക്കരിക്കാൻ പോണെ.

കമല:— (കരഞ്ഞുംകൊണ്ടു്) ചേച്ചി: വിശപ്പെല്ലാവക്കും ഒരുപോലെയല്ലേ. സാധുക്കൾക്കു കൊടുത്തില്ലെങ്കിൽ ഈശ്വരൻ ചോദിക്കില്ലേ.

സന്യാസി:— നിങ്ങളെന്തിനാ ആ കുട്ടിയെ ശകാരിക്കണെ. നിങ്ങൾക്കു തരുക വയ്യെങ്കിൽ ഞാൻ ഇവിടെ ഇട്ടുപൊയ്ക്കൊള്ളയാം. ഒന്നും കിട്ടിയില്ലെങ്കിലും വേണ്ടില്ല.

ഹേമ:— എടൊ തന്നോടാരു പറഞ്ഞൂടൊ. തൻെറ ഗുണദോഷമൊന്നും വേണ്ട (സ്വഗതം) ഈ beggar problem India യിൽ solve ചെയ്യില്ലാന്നൊ. അതിന്നൊക്കെ Europe തന്നെ. അവിടെയായിരുന്നുവെങ്കിൽ പൊല്ലീസുകാരൻ പിടിച്ചുകൊണ്ടു പോകകഴിഞ്ഞില്ലേ. (പ്രകാശം) ആട്ടെ. ഇവിടെ എനിക്കാണോ അധികാരം എന്നു് കാണിച്ചു തരാം. നാളെ മുതല്ക്കു് ഒരൊററ പിച്ചക്കാരൻ അകത്തു കടക്കുമോ എന്നു് നോക്കിക്കോളൂ. അത്ര

വ്വോ? (കമലയോട്) ഞാൻ ക്ലബ്ബിലേക്കുപോകുന്ന
തിനു മുമ്പ് അതു. തുന്നിക്കഴിയണം. (പോകുന്നു.)

(കമല തേങ്ങിത്തേങ്ങിക്കരയുന്നു.)

സന്ന്യാസി:— കുട്ടി, കരയണ്ട. നല്ലതു ചെയ്തിട്ട് ചി
ത്തവന്നതായിട്ടു കണ്ടിട്ടില്ല. ഇന്നല്ലെങ്കിൽ നാളെ
ഗുണം വരും. ഈ നല്ല ബുദ്ധി ഒരിക്കലും വിടാ
തിരുന്നോളൂ. ഈശ്വരൻ നമ്മളെ രക്ഷിക്കാനുണ്ടെ
ന്ന് എല്ലായ്പ്പോഴും വിചാരിച്ചോളൂ.

(അകത്തുനിന്ന് ലക്ഷ്മിക്കുട്ടിയമ്മ കമലയെ വിളി
ക്കുന്നു.)

(ഭിക്ഷു വിചാരമഗ്നനായി നില്ക്കുന്നു. ശങ്കു നായർ
പ്രവേശിക്കുന്നു.)

ശ:— (ഒന്നു സൂക്ഷിച്ചു നോക്കുന്നു) എന്താ തനിക്കൊ
ന്നും കിട്ടീല്ലേ? (ഭിക്ഷു കേൾക്കാത്ത മട്ടിൽ മനോരാ
ജ്യം വിചാരിച്ചു നില്ക്കുന്നു. ശങ്കു നായർ അടുക്കെ ചെ
ന്നിട്ട്) ചോദിച്ചതു കേട്ടില്ലെ. തന്റെ ഒരാലോ
ചന!

സ:— അബദ്ധം പററിയത് എങ്ങനെയാ നേരയാ
ക്കേണ്ട എന്നാലോചിച്ചു നിക്കേ.

(ശങ്കുനായർ ഒന്നു ഞെട്ടുന്നു. സൂക്ഷിച്ചു നോക്കീട്ട്)

ശ:— എന്താ തെററ പറെറ്റ്യ?

സ:— ശങ്കു! (ശങ്കുനായർ കൈകടന്നു പിടിച്ചു പൊട്ടിക്ക
രയുന്നു.)

സ:—എന്താ ശങ്കു ഇതു്? പടിക്കലേക്കു വരു. എനിക്കു കുറച്ചു ചോദിക്കാനുണ്ടു്. (നീങ്ങിനില്ക്കുന്നു.) ഞാൻ നിരീച്ചപോലെയൊന്നുമല്ല നടക്കുന്നതു്. അതേയോ? ലേശം സംശയിച്ചില്ല ഇങ്ങനെയാവുമെന്നു്.

ശങ്കു:—എമാന്നെ! അന്നു് എമാൻ സങ്കടം വന്നപ്പോൾ ഒന്നും ആലോചിക്കാണ്ടു ചെയ്തു പ്രവൃത്തിയായിപ്പോയി. പിറ്റെദിവസം മുതൽക്കു് എമാന്റെ മുതൽ മുടിച്ചു തുടങ്ങി. കമലാക്ഷിക്കുട്ടിയെ ഒന്നു വിചാരിക്കുന്നുണ്ടെങ്കിലും മതിയായിരുന്നു.

സ:—ഞാൻ കാരണം അവളെ എത്ര ദുഃഖിപ്പിച്ചിട്ടുണ്ടാവും? (എന്നു കണ്ണു തുടക്കുന്നു.) അവൾ എന്നെ എത്ര ശപിച്ചിട്ടുമുണ്ടാവും.

ശ:—അതും എമാന്നു തെററി. ആ കുട്ടി ഇതൊന്നും അറിഞ്ഞിട്ടില്ല. അറിഞ്ഞാലും ലേശം ഒരു പരിഭവം ഉണ്ടാവുകയുമില്ല. ആ സാധുന്നു് ഒരാളെപററിയും ചീത്തവിചാരിക്ക വയ്യേ വയ്യ. അത്ര പട്ടാണു് എമാന്നെ. കഴിയുന്നതും സങ്കടം കൂടാതിരിക്കാൻ ഞാനും നോക്കിട്ടുണ്ടു്.

സ:—(ശങ്കുനായരുടെ കയ്യുമത്തിക്കൊണ്ടു്) അതു ഞാൻ കരുതീട്ടുള്ളതാ. ശങ്കു ഇവിടയുണ്ടല്ലൊ എന്നു സമാധാനത്തോട്ടുകൂടിയാണു ഞാൻ പോയതും. ഇതിനു ഞാൻ എന്നും ശങ്കുനോടു കടപ്പെട്ടിരിക്കും കിട്ടോ.

ശ:—(കരഞ്ഞുകൊണ്ടു) അങ്ങനെ പറയല്ലെ എമാ?

ന്നെ. ഞാൻ എജമാനന്റെ ചോറല്ലേ എന്നും അനുഭവിക്കുന്നു. ഇതെങ്കിലും ചെയ്യാൻ എനിക്കു ഭാഗ്യം വന്നുവല്ലൊ. പിന്നെ, നിവൃത്തിയുള്ളെടത്തോളം മുതലു പോകാതേയും ഞാൻ നോക്കീട്ടുണ്ട്.

സ:—ഇനി ക്ഷമിച്ചാൽ പാറില്ല. ഉടനെ ഇതിനു മറുകെ നോക്കേണ്ട ദിക്കായി. ഇപ്പൊത്തന്നെ കാച്ചുകെട്ടികളെയാം.

ശ:—എജമാനനെ! അധികപ്രസംഗം പറയല്ല. ഞാൻ ഒന്നു ധരിപ്പിച്ചോട്ടെ. ഇവിടെവച്ചു യജമാൻ ആളെ അറിയിപ്പിക്കണ്ട. ഉള്ള മുതലുകളും മറയ്ക്കാതേയും ഒതുക്കാതേയും ഇരിക്കുന്നതിനു വേണ്ടതൊക്കെ ചെയ്തിട്ടുവേണം തിരിയെ വാങ്ങുവാനുള്ള കേസിനു പുറപ്പെടാൻ. എന്നാൽ തന്നെ എനിക്കു നന്നേ ഭയമുണ്ട്. എജമാൻ രേഖയൊന്നും വാങ്ങാതേകണ്ടാണു പോയതു്. എന്തെല്ലാം ക്രിത്രിമങ്ങളാണാവോ അവർ അതു സ്വന്തമാക്കാൻ ചെയ്തിരിക്കുന്നതു്. എനിക്കു നന്ന പേടിയുണ്ട്. ഞാൻ കഴിയുന്നതും ശ്രമിക്കാം.

സ:—എന്തിനു പേടി ശങ്കു? ഈശ്വരാധീനമുണ്ടെങ്കിൽ എല്ലാം ശരിയാവില്ലേ. നമ്മൾ സത്യവും ന്യായവും വിട്ടു് ഒന്നും ചെയ്യാൻ പോകുന്നില്ലല്ലൊ.

മാറാത്തു ശങ്കു പറഞ്ഞതും ശരിയാ. പെട്ടെന്നു പിടിച്ചില്ലെങ്കിൽ മുതല് മുഴുവൻ കിട്ടില്ലാന്നു വന്നേക്കാം. എന്നാൽ ഇപ്പൊ ഞാൻ സന്ന്യാസിതന്നെ കിട്ടോ. കമലേയും അറിപ്പിക്കണ്ട.

ശ:—ദൈവം ഏമാന്നെ രക്ഷിക്കട്ടെ. ഇശ്വരാ! എൻെറ കുട്ടിക്കു നല്ലകാലം വരുത്തണെ.

---

## രംഗം 9.

[ലക്ഷ്മി കുട്ടിയും ഗോവിന്ദമേനോനും കസേലമേൽ ഇരുന്നുകൊണ്ടും ഹേമ മേശമേൽ പിടിച്ചു നിന്നുകൊണ്ടും പ്രവേശിക്കുന്നു.]

ല. അ:—എന്താ ഹേമേ നിനക്കു് എത്ര പറഞ്ഞാലും തലയിൽ കേറില്ല. ഉവ്വൊ? ആ നമ്പൂരിപ്പാട്ടിന്നു് ഇവിടെ വരട്ടെ.

ഹേമ:—വന്നാൽ എന്താ? ഞാൻ പറഞ്ഞാൽ അമ്മക്കു മനസ്സിലാവില്ലെ?

ഗോ:—നിൻെറ ഗുണത്തിനല്ലെ ഞങ്ങൾ പറേണെ? ഞാൻ എല്ലാം വേണ്ടതുപോലെ ആലോചിച്ചിട്ടുണ്ടു്.

ല. അ:—എന്തിനാ അവളോടു് ഈ യുക്തിയും ന്യായവും ഒക്കെ പറേണേ. ഇദ്ദേഹത്തിനെ അല്ലെങ്കിൽ ആരേയും അവൾക്കു കൊടുക്കില്ല.

ഹേമ:—അതു കാണാം.

ല. അ:—എന്താ കാണണെ? ഒരാഴ്ചക്കകം അദ്ദേഹത്തിനെ ഞാൻ ഇങ്ങട്ട വരുത്തും. സംബന്ധം അങ്ങട്ട നടത്തുകയും ചെയ്യും.

ഹേമ:—പെണ്ണു വേറെ വേണ്ടിവരും. ഇതൊക്കെ അവനവൻെറ ഇഷ്ടമല്ലെ. വേണ്ടാണ്ട് അധികം കിടന്നു ലഹളക്കൂട്ടണ്ട. എന്നാൽ എനിക്കും ചിലതൊക്കെ തോന്നും.

ഗോ:—ഹേമെ! നീ ആലോചിച്ച മറുപടി പറയ്. നമ്മുടെ സ്ഥിതിയും യോഗ്യതയും മാനവും എല്ലാത്തിനും പാകായിട്ട് ഒരാളുവേണ്ടേ? ഗവർണ്ണരുടെ പാർട്ടിക്കും മററുമൊക്കെ പോകേണ്ട ആളാവില്ലെ? നല്ല കുലം; പണം ധാരാളം; ചെറുപ്പം; കണ്ടാൽ യോഗ്യൻ. പുതിയമട്ടിനു വേണെങ്കിൽ അതും കുറവില്ല. ഇംഗ്ലീഷു വളരെ രസികനായിട്ട സംസാരിക്കാം. കത്താവിനു ഇംഗ്ലീഷിൽ എഴുതിയ ചില എഴുത്തുകൾ ഞാൻ കണ്ടു.

ഹേമ:—എന്നാൽ എനിക്കു സമ്മതായികൊള്ളണമെന്നുണ്ടോ? love is blind ഒക്കെ sentiment അല്ലെ?

ല. അ:—നിൻെറ sentiment. ഇവിടുന്ന് എഴുതി അയച്ച് ഒരാഴ്ചക്കകം എങ്ങനെയെങ്കിലും അദ്ദേഹത്തിനെ വരുത്തണം. ഇതു നടത്ത്യല്ലാണ്ടു ഞാൻ നിക്കൊ? (ശങ്കുനായർ പ്രവേശിക്കുന്നു.)

ഗോ: — എന്താ ശങ്കു?

ശ:— കോടതീന്നു ശിപ്പായി വന്നു നിക്കുന്നുണ്ട്.

ഹേമ:— എനിക്ക് എഴുത്തുകൊണ്ടുവന്നോക്കാ?

ശ:— ഏമാന്ന് ഒരു ലക്കോട്ടു കൊണ്ടുവന്നിട്ടുണ്ട്. ഏമാൻ അയാളുടെ മുമ്പിൽവെച്ച് ഒപ്പിട്ടു തരു എന്നാ പറഞ്ഞെ.

ഗോ:— എന്നാ ഇങ്ങട്ടു വിളിച്ചോളു (ശങ്കുനായർ പോകുന്നു.) (ലക്ഷ്മിക്കുട്ടിഅമ്മയോടു) ജഡ്ജിടെ വല്ല എഴുത്തും ആവും. Confidential ആയിരിക്കാം. (ആമിൻ ശിപ്പായി പ്രവേശിക്കുന്നു. ഗോവിന്ദമേനോൻ ഒപ്പിട്ട് എഴുത്തുമേടിക്കുന്നു. വായിച്ചു പല്ലു കടിക്കുന്നു.)

ല. അ: — എന്താ എഴുത്ത്? നോക്കട്ടെ.

(ഗോവിന്ദമേനോൻ കൊടുക്കുന്നു. ലക്ഷ്മിയമ്മയുടെ മുഖം വാടുന്നു)

ല. അ:— ഇതു നോക്കു ഹേമേ! ചതിക്കാനല്ലെ ഇത്. (കൊടുക്കുന്നു)

ഗോ: — എന്നാൽ ശിപ്പായി പൊയ്ക്കോളു.

ശി: — എങ്ങനയാ ഏമാനെ ഞാൻ പോണത്? ആമീൻ പടിക്കലുണ്ട്. Injunction കല്പന ഏമാൻ തന്നെ വായിച്ചില്ലെ? അത്യാവശ്യം വേണ്ടതൊഴിച്ചു മററ ജംഗമസ്വത്തുക്കളും കണക്കുപുസ്തകങ്ങളും അകത്തിട്ടു പൂട്ടി കോടതിമുദ്രവച്ചേ പോ

32D.
91663
O32:2.M40:11
G4

വാൻ തരുള്ളു. ആമീൻസ്വാമിയെ വിളിക്കട്ടെ.

ഗോ:—താൻ ആരെന്നുവച്ചാ സംസാരിക്കണെ.

ശി:—ഏമാനന്ന ഞങ്ങൾക്കു കല്പന നടത്താണ്ടു നിവൃത്തില്ല. പൊല്ലീസും കൂട്ടാം കൂടാണ്ടു കഴിക്കണ്ടെ ഏമാൻെറ സ്ഥിതിക്ക്. ഏമാനു കോടതിയിൽ വാദിക്കാമല്ലൊ.

ല. അ:—എൻെറ സാമാനങ്ങളൊന്നും തൊടുകവയ്യ. അതിനെന്തധികാരമാ?

ശി:—ഇവിടെ കാണണതൊക്കെ മുദ്രവെക്കണം എന്നല്ലെ കല്പനേല് അമ്മേ. അമ്മേടെയാണെന്ന് അമ്മ തെളിച്ചോളു. ഞങ്ങൾക്കു കല്പന നടത്താഞ്ഞാൽ വായിൽ മണ്ണാവില്ലെ? കാൎയ്യം കഴിച്ച് എജമാനൻ വേഗം വിട്ടാൽ കൊള്ളാം. ഏമാൻ ഉത്തരവു കൈപ്പററിയ രേഖ വൈകുന്നേരത്തിനു മുമ്പ് അവിടെ കൊണ്ടുപോയി അടയ്ക്കണം.

ഗോ:—(ആത്മഗതം) കോടതിയുത്തരവു ലംഘിക്കാൻ വയ്യ. എന്തിനാ ഈ ശിപ്പായിയോടു വഴക്കടിക്കണെ. പത്രിക കൊടുക്കുമ്പോൾ പണിക്കരുടെ പേരില് മാനനഷ്ടത്തിനും കൂടി ഒരന്യായം കൊടുക്കാം. ശങ്കു! (എന്നു വിളിക്കുന്നു. ശങ്കുനായർ പ്രവേശിക്കുന്നു) അവരുടെ കോടതി ഉത്തരവുപ്രകാരമൊക്കെ നടത്തിക്കോട്ടെ. വേണ്ടതൊക്കെ അനുവദിച്ചേക്കു. (ശങ്കുവും ശിപ്പായിയും പോകുന്നു.)

ല. അ:—ഇതു ഞാൻ അന്നുതന്നെ കരുതീട്ടുണ്ട്. ആ ദുഷ്ടനെ ഈ വീട്ടിനകത്തു കടത്തിയപ്പൊത്തന്നെ അവൻ തിരിഞ്ഞടിക്കുമെന്നു ഞാൻ കരുതീട്ടുണ്ട്.

ഗോ:—ഇത്ര ദുഷ്ടനാണെന്ന് അന്നു മനസ്സിലായില്ലല്ലോ. അതറിഞ്ഞാൽ ഇവിടെ സംബന്ധം തുടങ്ങിക്കൊ? അശു ചത്തുപോയി എന്നാ ഞാൻ വിചാരിച്ചിരുന്നെ. ഇപ്പൊ എണീററു വന്നേക്കണതെ? "പാപിശതായ്യു" അല്ലാണ്ടെന്താ?

ല. അ:—ഈ ഗ്രഹപ്പിഴ കാലെ അറിഞ്ഞിരുന്നെങ്കിൽ ഒരു സാധനം ഇവിടെ കാണുമൊ. ഇനി ആ ശങ്കുനായർ കണക്കൊക്കെ എങ്ങനെ ആക്കിയേക്കണ് ആവോ?

ഹേമ:_ ഒക്കെ അങ്ങോക്ക് പാകത്തിനാക്കിയിരിക്കും. അയ്യാളതിലേറെക്കള്ളൻ. ഇതൊക്കെ നമ്മുടെ അല്ലാതായിട്ടു കമലേടെ കീഴിലിനി താമസിക്കയും കൂടിയേ വേണ്ടു. എന്നാൽ മുഴുവനായി.

ഗോ:—എങ്ങനയാ നമ്മുടെ കയ്യീന്നു പോണെ? അയാളുടെയാണെന്നു തെളിയിക്കാൻ എന്തു രേഖ അയാൾക്കുള്ളെ? എന്നോട്ട് അയാൾ വാദിച്ചു ജയിച്ചുകളയാമെന്നോ?

ല. അ:—നല്ല വക്കീലിനെ ആക്കണം. രണ്ടാ മൂന്നോ പേരിരുന്നോട്ടെ.

ഹേമ:- എന്തിനാതു്. നല്ലതൊന്നുമതി. ശിവകുമാ

രക്കയ്യേളോട്ട് ഏതു വക്കീലാ ഇപ്പൊ ജയിച്ചുപോകാൻ.

ഗോ:— ഹേമേ അയാൾക്കു ചെറുപ്പാണ്. Experience ആയിട്ടില്ല. ഹൈക്കോർട്ടിന്നുതന്നെ വല്ലോരെയും വരുത്താം.

ഹേമ.— ചെറുപ്പായാലെന്താ കാൎയ്യമറിയല്ലെവേണ്ടു? ഇതാണു old peopleൻെറ ദോഷം. അദ്ദേഹംതന്നെ മതി. അല്ലെങ്കിൽതന്നെ എന്താ? അച്ഛന്നു വിരോധായിട്ടു വിധിക്കാൻ ജഡ്ജിക്കുകൂടി പേടുണ്ടാവില്ലെ. കയ്യൾക്കു പണ്ടാണെങ്കിൽ പിന്നെ കൊടുത്താൽ മതി.

ല. അ:— നിനക്കെങ്ങനെയാണു അയാളെ ഇത്ര പരിചയം.

ഹേമ:— ക്ലബ്ബിന്ന്. ഇത്ര നല്ലോരു വക്കീൽ ഇവിടെ വന്നിട്ടില്ല. ഹൈക്കോർട്ടിൽ ചെന്നാൽ തന്നെ അദ്ദേഹം ഒരു ornament ആയേനെ.

ല. അ:— എന്നാൽ ഹേമേടെ ഇഷ്ടം പോലെയാകട്ടെ.

ഗോ:— ആരായാലും വേണ്ടില്ല. പണിക്കൎക്കു തെളിവിന്നു ഒരു രേഖയില്ല. പിന്നെ ഒരാളു സഹായം നിക്കണെകാണട്ടെ. കയ്യൾക്കു വലിയ പാസ്സുണ്ടല്ലൊ. അയാളായിക്കോട്ടെ. പക്ഷെ പെട്ടെന്നു പറഞ്ഞില്ലല്ലൊ. ഇയാളെന്നുവന്നു ഇവിടെ? ആരും ഒന്നും അറിഞ്ഞില്ലല്ലൊ. (കമല പ്രവേശിക്കുന്നു.)

കമല—(സന്തോഷത്തോടെ) അമ്മാമാ. അച്ഛൻ എത്തിട്ടുണ്ട്. ശങ്കുനായർ കണ്ടു സംസാരിച്ചുവത്രെ. ചെല്ലാൻ പറഞ്ഞു വണ്ടിയും ആളേയും അയച്ചിട്ടുണ്ട്. ചേച്ചിയേ കൊണ്ടു പോകട്ടെ.

ല. അ:—പോടി പുറത്തു്; നീയ്യും നിൻെറ അച്ഛനും; ദ്രോഹികള്; ഈ പടിക്കകത്തു കണ്ടാലറിയാം. (കമല പരുങ്ങുന്നു.)

ഗോ:— നിന്നെ വളത്തിയതിനുള്ളതു കിട്ടി. ഇവിടെയുള്ളതൊക്കെ തട്ടിക്കൊണ്ടുപോകാനാണു ഇപ്പയാളുടെ പുറപ്പാടു്. എന്നാൽ അതൊന്നു കാണട്ടെ എന്നു ഞാൻ പറഞ്ഞു എന്നു പോയ് പറ. ഇതു പാലപ്പുറത്തു ഗോവിന്ദൻ തമ്പാനാ എന്നു മനസ്സിലാക്കിക്കോട്ടെ.

കമല:—(കരഞ്ഞുംകൊണ്ടു്) അമ്മാമാ! അച്ഛനെ വരുത്തി സംസാരിച്ചു നേരയാക്കരുതെ. ഞാൻ പോയ് പറഞ്ഞു നോക്കട്ടെ. ഹേമ. Damn both. പറഞ്ഞാലും വേണ്ടില്ല പറഞ്ഞില്ലെങ്കിലും വേണ്ടില്ല. ഇതിൻെറ result നിനക്ക് പെരുവഴിതന്നെ. മററുള്ളവരുടെ സ്വത്തുകണ്ടു് അസൂയയുണ്ടായാൽ പോര എന്നു പറഞ്ഞേക്കു.

ല. അ:— ചെലവിനില്ലെങ്കിൽ ഇവിടെ വന്നാശ്രയിച്ചാൽ വല്ലതും കൊടുത്തേനെ. ഇനി എനിക്കു

റിയാം. നിന്നെ കാണുമ്പോഠം എനിക്കു കലി വരുന്നു.

ഗോ:— കമലേ! കമലക്കിത്ര നാളും ഞാൻ ചെയ്യേണ്ടതു ചെയ്തു. മാനം വിട്ടിട്ടൊന്നും നിരീക്കിണില്ലം. അതുകൊണ്ട് നിന്നെ ഇനി ഇവിടെ ഇരുത്താൻ തന്നെ ഞാൻ വിചാരിക്കിണില്ല. നിയ്യായി, നിൻെറ അച്ഛനായി.

കമല:— (പൊട്ടിക്കരഞ്ഞ്) അമ്മാമാ! ഇങ്ങനെ പറയരുതെ. എനിക്കു സഹിക്കവെയ്യെ. ഞാനെന്താരു കുററം ചെയ്യേക്കണെ.

ല. അ:— ശങ്കുനായർ! (ശങ്കുനായർ പ്രവേശിക്കുന്നു.) ആ ദ്രോഹിപ്പണിക്കരെ താൻ എവിടെവെച്ചാ കണ്ടേ? എന്തേ ഒന്നും പറയാഞ്ഞത്? ചതിക്കാൻ തന്നെയാ.

ശ:— പണിക്കരേമാന്നെ ഞാൻ വരുത്തേണ്ടായില്ല. ഞാൻ ആരേയും ചതിക്കാനും പുറപ്പെട്ടിട്ടില്ല.

ഗോ:— ചങ്കു എവിടെവെച്ചാ കണ്ടെ?

ശ:— ഒരു ഭിക്ഷക്കാരൻെറ വേഷത്തിൽ രണ്ടു ദിവസം മുമ്പ് ഇവിടെ വന്നിരുന്നു.

ഹേമ:— ആ കള്ളനാ അത്? എന്നാൽ ഈ ചതി ഇവളും അറിഞ്ഞിട്ടുണ്ട്. അമ്പടി കുറാല്ല അവളുടെ ഔദാര്യം!

ശഃ— ആ കുട്ടി അറിഞ്ഞിട്ടെയില്ല. ഇതാ ഇപ്പോഴെ മനസ്സിലാകുന്നുള്ളു.

ഗോഃ— ശങ്കു എന്താ അപ്പൊത്തന്നെ ഞങ്ങളെ അറിപ്പിക്കാഞ്ഞെ. ഇവിടുത്തെ ചോറ തിന്നിട്ടു ശങ്കു അതു ചെയ്യില്ലല്ലൊ.

ല. അഃ— അയാള ചതിക്കാൻ തന്നെ തരം നോക്കിക്കൊണ്ടു നിക്കണൊളാണെന്നു ഞാൻ പലതവണയും പറഞ്ഞിട്ടില്ലെ. ചോറ ഇവിടേം കൂറ വിടേം.

ശഃ— അദ്ദേഹം ഇവിടെ ആരേയും അറിപ്പിക്കണ്ടാന്നു പ്രത്യേകം പറഞ്ഞു. ഏമാന്നെ അറിപ്പിച്ചോട്ടെ എന്നു ചോദിച്ചപ്പോൾ അതനാവശ്യായിത്തീരും എന്നാ പറഞ്ഞെ.

ഹേഃ— അനാവശ്യം! ഇപ്പൊ അന്യായമായിട്ടുതീന്നു. എനിക്കന്നേതന്നെ അറിയാം ഇയാള ചതിയനാണെന്നു്. തരം കിട്ടുമ്പോളൊക്കെ എന്നെ ദ്രോഹിക്കയും കമലയെ വാത്സലിക്കയും ആണു് ഇയ്യാളുടെ പതിവു്.

MUL
091663

ഗോഃ— പണിക ... മസിക്കണെത്തു് എന്നറിയുമോ ... കൊണ്ടുപോയി ആക്കിയേക്കു. ഇവിടെ താമസിപ്പിക്കണ്ട.

ല. അ:__പണ്ടങ്ങളും മററും ഇവിടെത്തന്നെ വെച്ചു പൊക്കോട്ടെ. അതു നമ്മളു കൊടുത്തതല്ലെ. അവൾക്കവളുടെ അച്ഛനുണ്ടല്ലോ കൊടുക്കാൻ (കമലയെ നോക്കി) നിന്നെ ഇവിടെ കാണാണ്ടിരുന്നാൽ മതിയായിരുന്നു.

ഹേമ:__എന്നാൽ ഇനി എന്തിനാ താമസിക്കണെ (ഗോവിന്ദമേനോനെ നോക്കി) വക്കീലിനുള്ള എഴുത്തു വേഗമെഴുതു.

കമല:—ഞാൻ അമ്മാമനും അമ്മായിഅമ്മക്കും ചേച്ചിക്കും ഒരു കുററോം ചെയ്യ്തിട്ടില്ല. വാസ്തവം ഈശ്വരനറിയാം. എൻെറ കാലക്കേടുകൊണ്ടു നിങ്ങളെന്തൊ മാറിദ്ധരിച്ചിരിക്കുന്നു. ഞാൻ നിങ്ങൾക്ക് അപ്രീതി ഉണ്ടാക്കിത്തീത്തിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. നമുക്കെല്ലാം ഈശ്വരൻ നല്ലതു വരുത്തും.

ഹേമ:__ആട്ടെ നിൻെറ Lecture ഒന്നും ഞങ്ങളോടു വേണ്ട. ശങ്കുനായർ! അവളെ കൊണ്ടുപൊക്കോളു.
[ശങ്കുനായരും കമലയും പോകുന്നു.]

ല. അ:__നമ്പൂരിപ്പാട്ടിലേയ്ക്കും ഒരെഴുത്തു വേഗം എഴുതിയേയ്ക്കു. അദ്ദേഹത്തിൻെറ സഹായം വളരെ ആവശ്യമുള്ളതാ.

ഗോ:—അതെ. കേസ്സിന്നു പണം കുറെ വേണ്ടിവരുമല്ലൊ.

ഹേമ:— (സ്വഗതം) Damn it. ഇതു് elopement-ൽ തന്നെ അവസാനിക്കുന്നാ തോന്നുണെ. ഭാഗ്യം കൊണ്ടു് അതിനുള്ള preparations ഒക്കെ തീൎന്നു.

ല. അ:—ഹേമേ! ഇദാ ഞങ്ങൾ നിരീച്ചപോലെ: ഒക്കെ തീൎച്ചയാക്കിക്കഴിഞ്ഞു. നീ ഒരക്ഷരം ഇനി മിണ്ടണ്ട.

ഗോ:—അവൾക്കു ബുദ്ധിണ്ടല്ലൊ. ആലോചിച്ചു വേണ്ടതുപോലെ ചെയ്യുമല്ലൊ. അവളുടെ ഗുണത്തിനുതന്നെയല്ലെ.

ഹേമ:—എന്റെ ഗുണത്തിനു വേണ്ടതൊക്കെ ഞാൻ ചെയ്യും. (പുഷ്പരസം നടിക്കുന്നു)

ഗോ—എന്നാൽ ഞാൻ എഴുത്തെഴുതി ഇപ്പോൾത്തന്നെ അയച്ചുകളയാം.

(തിരശ്ശീല വീഴുന്നു. രംഗാവസാനം)

---

## രംഗം 10.

[ഡിസ്ത്രിക്ട് കോർട്ടുവക്കീലന്മാർ, ബെഞ്ചുക്ലാൎക്കും ശിപായിയും പ്രവേശിക്കുന്നു. മുമ്പിൽ ഒരു ശിപായിയുമായി ജഡ്ജി പ്രവേശിക്കുന്നു. എല്ലാവരും എഴുന്നേറ്റു ജഡ്ജിയെ വന്ദിക്കുന്നു].

ബെ. ക്ലാ:—O. S. No. 819 of 1929.

ജഡ്ജി:—ഏതു കേസ്സാണതു്?

ക്ലാ:—കൃഷ്ണപ്പണിക്കരുടെ അന്യായം.

ജ:—ശരി. ഇന്നു വിസ്താരത്തിനു വച്ചിരിക്കുന്നു, അല്ലേ? അന്യായഭാഗം സാക്ഷികളെ വിസ്തരിക്കട്ടെ.

വെത്തശ്ശിപ്പായി:—മാറാപ്പറമ്പിൽ കൃഷ്ണപ്പണിക്കർ ഹാജരുണ്ടോ?

അയ്യങ്കാർ:—എന്റെ കക്ഷി ഹാജരുണ്ട്.

(ശിപായി പണിക്കരെ കൂട്ടിൽ കേററി നിത്തുന്നു. സത്യവാചകം ചൊല്ലിക്കുന്നു).

അ:—നിങ്ങൾ വേലി കഴിച്ചിരിക്കുന്നതു് എവിടെയാണ്.

പ:—എനിക്കു പാലപ്പറമ്പിലായിരുന്നു സംബന്ധം.

അ:—നിങ്ങളുടെ സ്വന്തം തറവാട്ടിൽ നിങ്ങളൊഴിച്ചു എത്ര പേരുണ്ട്?

പ:—ഞാൻ ഒരാളേ ഉള്ളു. മററവരൊക്കെ മരിച്ചിട്ടു മുപ്പതു കൊല്ലമായി.

അ:—നിങ്ങളുടെ സ്വന്തം വീട്ടിൽ സ്വത്തെത്രയുണ്ട്?

പ:—ഇരുപതുകൊല്ലം മുമ്പു 10 ലക്ഷം രൂപയുണ്ടായിരുന്നു.

അ:—നിങ്ങൾ എത്ര കൊല്ലമായി നാടുവിട്ടു പോയിട്ടു്?

പ:—പത്തൊമ്പതു കൊല്ലമായി.

അ:—പോയപ്പോൾ നിങ്ങളുടെ സ്വത്തുക്കളെ ഒക്കെ എന്തു ചെയ്തിട്ടാ പോയത്?

പ:—എന്റെ മകൾ കമലാക്ഷിയുടെ പേക്ക് അവളുടെ അമ്മാമൻ ഗോവിന്ദമേനവനെ ഏല്പിച്ചുകൊടുത്തിട്ടാ-

(അയ്യങ്കാർ ഇരിക്കുന്നു).

കയ്മൾ:—നിങ്ങൾ ഏല്പിച്ചുകൊടുത്തപ്പോൾ വല്ല രേഖയും വാങ്ങിയോ?

പ:—വിശ്വാസത്തിന്മേൽ കൊടുത്തതാ.

ക:—ചോദിച്ചതിനുത്തരം പറഞ്ഞാൽ മതി. നിങ്ങൾ കൊടുത്തിട്ടുണ്ടെന്നു നിങ്ങളെക്കൊണ്ടു തെളിയിപ്പിക്കാൻ കഴിയുമോ?

പ:—ഉവ്വ്; കണക്കു ഹാജരാക്കിയാൽ തെളിയും.

ക:—കണക്കുപുസ്തകം നിങ്ങളുടെ കയ്യിലുണ്ടോ?

ജഡ്ജി:— How can that be Mr. Kaimal? It must be with the defendant.

കയ്മൾ:—He, your honour, is a liar. I shall prove it just now. നിങ്ങൾ ഈ പത്തൊമ്പതുകൊല്ലത്തിനിടയിൽ എവിടെയെല്ലാം സഞ്ചരിച്ചു.

അയ്യങ്കാർ:— This question is irrelevant your Honour.

കയ്മൾ:— Not the least your Honour. നിങ്ങളുടെ

പണമാണെങ്കിൽ എന്തുകൊണ്ടു് ഇതേവരെ തിരിയെ മേടിപ്പാൻ ശ്രമിച്ചില്ല.

പ:— ഗോവിന്ദമേനോൻ അതു വേണ്ടതുപോലെ സൂക്ഷിക്കും എന്നുവച്ചിട്ടു്.

ക:— ഇപ്പോഴെന്താ വേണ്ടവിധം സൂക്ഷിക്കാത്തതു് ?

പ:— അയാൾ അയാളുടെ ഭാൎയ്യക്കും കുട്ടികൾക്കും വേണ്ടി ദുർവ്യയം ചെയ്യുന്നതായി ഇപ്പോഴാ അറിഞ്ഞേ.

ക:— ഭാൎയ്യക്കും കുട്ടികൾക്കും വേണ്ടി ചിലവുചെയ്യുന്നതു ദുർവ്യയമാ?

പ:— അതയാളു സമ്പാദിച്ച പണംകൊണ്ടായിക്കോട്ടെ. എൻെറ പണം എനിക്കും എൻെറ കുട്ടികൾക്കുമാണു്.

ക:— (ശുണ്ഠിയെടുത്തു്) താൻ കോടതിമുമ്പാകെ അധികപ്രസംഗം പറയേ. പൊപ്പ് എറങ്ങി. മൂത്ത പൊളിയൻ.

അ:— എൻെറ കക്ഷിയെ അവമാനിക്കുവാൻ കോടതി അനുവദിക്കുന്നതു സങ്കടമാണു്.

ജ.— Mr. Kaimal; നിങ്ങൾ കാൎയ്യം ചോദിക്കാനുണ്ടെങ്കിൽ അതു ചോദിക്കു.

ക.— I have none your Honour (എന്നു ശക്തിയോടു കൂടി ഇരിക്കുന്നു.)

അ:— എനിക്കു Re ഇല്ല (എന്ന് ഇരിക്കുന്നു. പണിക്കർ കൂട്ടിൽനിന്നു ഇറങ്ങുന്നു )

ശി:— അന്യായഭാഗം രണ്ടാം സാക്ഷി ശങ്കുനായർ ഹാജരുണ്ടോ? (ശങ്കുനായർ പ്രവേശിക്കുന്നു. കൂട്ടിൽ കേറി സത്യവാചകം ചൊല്ലുന്നു.)

അ:— നിങ്ങൾ പാലപ്പുറത്തു കാര്യസ്ഥനല്ലേ?

ശ:— അതെ.

അ:— മിസ്റ്റർ പണിക്കർ ഗോവിന്ദമേനോനെ എത്ര ഉറുപ്പിക ഏല്പിച്ചിട്ടാണു പോയതെന്നു നിങ്ങൾക്കറിവുണ്ടോ?

ക:— That is a leading question Your Honour and must not be allowed.

ജ:— I dont see how, Mr. Iyengar you may proceed.

ശ:— ഉവ്വ്. 10 ലക്ഷം ഉറുപ്പിക.

അ— പാലപ്പുറം തറവാട്ടുവക മുതൽ എത്രയുണ്ടെന്നു തനിക്കറിയാമോ?

ശ:— അറിയാം. കഷ്ടിച്ചു ആയിരപ്പറ നെല്ല് ഒരു കൊല്ലത്തിൽ വരവുണ്ട്.

അ:— വരവു ചിലവു കണക്കുകൾ താൻ സകലത്തും എഴുതീട്ടുണ്ടോ?

ശ:— ഉവ്വ്. പുസ്തകങ്ങൾ കോടതിയുടെ കൈവശമുണ്ട്.

അ:—എന്തു കരാറിന്മേലാണ് മി. പണിക്കർ മി. മേനവനെ പണം ഏല്പിച്ചതെന്നു നിങ്ങൾക്കറിവുണ്ടോ?

ശ:—അറിയാം. പണിക്കരേമാൻെറ ഭാൎയ്യ മരിച്ചപ്പോൾ ഇവിടെ താമസിക്കാനുള്ള സങ്കടംകൊണ്ടു മകൾ കമാലാക്ഷിക്കുട്ടിയുടെ പേക്കു നീക്കി അതു രക്ഷിക്കാൻ ഗോവിന്ദമേനവൻെറ കയ്യിൽ കോടുത്തതാണ്. (അയ്യങ്കാർ ഇരിക്കുന്നു.)

ക:—എന്നാൽ എന്താ മകളുടെ കയ്യിൽ തന്നെ കൊടുത്തു പോകാഞ്ഞെ?

ശ:—ആ കുട്ടിക്ക് അന്നു അറിവു വച്ചിട്ടില്ല. മുലകുടിക്കുന്ന കുട്ടികൾ കാൎയ്യം നോക്കുമെന്നു ഏമാൻ കരുതിട്ടില്ല. (എല്ലാവരും ചിരിക്കുന്നു. കയ്യർ പല്ലുകടിക്കുന്നു.)

ക:—എന്താ നിങ്ങളെ ഏല്പിച്ചു പോകാഞ്ഞതു്?

ശ:—ന്യായപ്രകാരം കുട്ടിയുടേയും സ്വത്തിൻേറയും രക്ഷിതാവു് ഗോവിന്ദമേനവനാണല്ലോ.

ക:—എന്നാലിപ്പോളെന്തിനാ തിരിയെ മേടിക്കുന്നു?

ശ:—രണ്ടും വേണ്ട വിധത്തിൽ രക്ഷിക്കാഞ്ഞിട്ടു്.

ക:—രക്ഷിക്കുന്നില്ലെന്നു തനിക്കെങ്ങനെ അറിയാം.

ശ:—കണ്ടറിഞ്ഞിട്ടു്.

ക:—താനെന്താ അതു തടയാഞ്ഞതു?

ശ:—അധികാരമില്ലാഞ്ഞിട്ടു്.

ക:—Your Honour, He has been bribed by the Plaintiff, His evidence cannot be trusted.

(ഇറിക്കന്നു.)

അ:—നിങ്ങൾ ഗോവിന്ദമേനവനാണു് രക്ഷിതാവെന്നു പറഞ്ഞുവല്ലൊ. എന്നാൽ അച്ഛനുണ്ടെങ്കിൽ രക്ഷിതാവാരാ?

ശ:—നായർ റഗുലേഷൻപ്രകാരം അച്ഛൻതന്നെയാണു്.

അ:—വേണ്ടവണ്ണം രക്ഷിക്കായ എന്നു നിങ്ങൾ പറഞ്ഞതിൻെറ അൎത്ഥമെന്താണു്.

ശ:—ഗോവിന്ദമേനവനേമാൻെറ ഭാൎയ്യക്കും മക്കൾക്കും വേണ്ടതും വേണ്ടാത്തതുമായ ചിലവൊക്കെ ഈ സ്വത്തിന്നുതന്നയാ ചിലവിട്ടിരുന്നതു്.

അ:—ഗോവിന്ദമേന്നു് അത്യാവശ്യം വേണ്ട ചിലവു ഈ സ്വത്തിന്നെടുത്താൽ അതിനെ നിങ്ങളെങ്ങനെ കണക്കാക്കും.

ശ:—അതുമാത്രമായിരുന്നുവെങ്കിൽ പണിക്കരേമാൻ ക്ഷമിച്ചേനെ.

ക:—If he han used it for himself, Your Honour, I cannot see how he cannot, for any other man.

അ:—But it is for women, your Honour.

ക:—Your Honour, in the strictest logic man embraces woman.

ജ:—But not in an open court. (എല്ലാവരും ചിരിക്കുന്നു. കയ്മളുടെ മുഖം വാടുന്നു.)

അ:—I have done, Your Honour.

ബ. ക്ലാ:—അന്യായസാക്ഷികൾ അവസാനിച്ചു.

ജ:—പ്രതിഭാഗം സാക്ഷികളെ വിസ്തരിച്ചോട്ടെ.

ശി:—പാലപ്പുറത്തു ഗോവിന്ദമേനോൻ ഹാജരുണ്ടോ?

ക:—That is not the proper style of addressing him.

ജ:—Why? So it is in the plaint (ഗോവിന്ദമേനോൻ പ്രവേശിക്കുന്നു. ശിപ്പായി കൂട്ടിൽ കേററി സത്യബോധം ചെയ്യിപ്പിക്കുന്നു.)

ക:—Your Honour, he may be allowed a seat. He is a man of high dignity and fame.

അ:—Yes, acquired by other peoples' wealth.

ക:—(പതുക്കെ) The beggar.

(ജഡ്ജി പുസ്തകം മറിച്ചു നോക്കുന്നു.)

ജ:—Seat കൊടുക്കേണ്ടുന്ന ആളുകളുടെ ലിസ്റ്റിൽ മി. മേനവന്റെ പേർ കാണുന്നില്ല. അതുകൊണ്ടു് കൊടുപ്പാൻ തരമില്ല. Well, Mr. Kaimal, proceed with the examination.

ക:—I yield to your Honour's ruling with a protest.

(ഗോവിന്ദമേനവനോട്) നിങ്ങളുടെ തറവാട്ട് ഒരു പ്രഭുകുഡുംബമല്ലെ?

ഗോ:—സംശയമില്ല.

ക:—ഗവൎണ്ണർമാരും വലിയ വലിയ രാജക്കന്മാരും അതിഥികളായി നിങ്ങളുടെ വീട്ടിൽ വന്നിട്ടില്ലെ?

ഗോ:—പല തവണയും. അടുത്തുതന്നെ ഗവൎണ്ണർ വരാമെന്നു വെച്ചിട്ടുമുണ്ട്.

ക:—വീട്ടിലുള്ള ചിലവു മുഴുവൻ ആരാ നടത്തിയിരുന്നത്?

ഗോ:—തറവാട്ടീന്ന്.

ക:—അമ്മുക്കുട്ടിയമ്മക്ക് സ്വകാൎയ്യസത്തു വല്ലതുമുണ്ടായിരുന്നൊ?

ജ:—Who is the Ammukutty Amma?

ക:—She was the wife of, Your Honour, (കടലാസ്സു നോക്കി) Mr. Krishna Paniker. (എല്ലാവരും ചിരി) ക്കുന്നു. നിങ്ങളും അന്ന്യായക്കാരനും കൂടി വളരെ ലോക്യമായിട്ടല്ലെ കഴിഞ്ഞിരുന്നത്?

ഗോ:—അതെ.

ക:—അന്ന്യായക്കാരൻ നിങ്ങളുടെ വീട്ടിൽ താമസിച്ചിരുന്നപ്പോൾ അദ്ദേഹത്തിന്റെ ചിലവും നിങ്ങൾ തന്നെയല്ലെ നടത്തിയിരുന്നത്?

ഗോ:—ഞങ്ങളുടെ തറവാട്ടിൽ അങ്ങനെ ഉണ്ടായിട്ടുള്ളു.

ക:—ഈ അന്യായത്തിൽ പറയുന്നതിൽ ഏതെ
ങ്കിലും സത്യമുണ്ടോ?

ഗോ:—സകലതും അസത്യമാണ്.

(കയ്മൾ ഇരിക്കുന്നു. അയ്യങ്കാർ എഴുന്നേല്ക്കുന്നു.)

അ:—നിങ്ങളുടെ കാർണ്ണവന്മാരുടെ കാലത്തും ഗവ
ർണ്ണരും മററും വരാറുണ്ടായിരുന്നോ?

ഗോ:—അവർക്കു പഠിത്തവും പരിഷ്കാരവും ഉണ്ടാ
യിരുന്നില്ല.

അ:—നിങ്ങൾക്കു കാരണവസ്ഥാനം കിട്ടിയിട്ട്
എത്ര കൊല്ലമായി?

ഗോ:—മുപ്പതു്.

അ:—അന്നുമുതല്ക്കുതന്നെ ഇവരൊക്കെ വരാറുണ്ടോ?

ഗോ:—ഇല്ല; പത്തുപതിനെട്ടുകൊല്ലമേ ആയുള്ളു.

അ:—അപ്പോഴെ നിങ്ങൾക്കു പഠിപ്പും പരിഷ്കാരവും
വന്നുള്ളു.

ക:— A man must first adapt himself to his new position, your Honour, before he changes his habits.

അ:— Let him answer it himself Mr. Kaimal, you are only his vakil.

ക:— I don't want your advice. I know what and what not a vakil should do, much better than you.

അ:— I object to my learned friends frequent interruption, your Honour.

ക:— I would not if the learned frend speaks only sense.

ജ:— Please behave decently, Mr. Kaimal.

അ:— ഒരു കൊല്ലത്തിൽ നിങ്ങൾക്കു ചിലവെത്രയുണ്ട്?

ഗോ:— ഏകദേശം എണ്ണൂതിനായിരത്തോളം വരും.

അ:— നിങ്ങൾ ബാങ്കുകളായിട്ട് എടവാടുണ്ടോ?

ഗോ:— പല ബാങ്കുകളായിട്ട് ഉണ്ട്.

അ:— ബാങ്കിൽ നിങ്ങൾ എത്ര ഡപ്പോസിററ് ചെയ്തിട്ടുണ്ട്.

ഗോ:— പത്തു ലക്ഷം ഉണ്ടായിരുന്നു. ഇപ്പോൾ അസാരം കുറവുണ്ട്.

അ:— ശരിക്കെന്നാണ് മി. പണിക്കർ നാടുവിട്ടു പോയതു്?

ഗോ:— പത്തൊമ്പതു കൊല്ലം മുമ്പെ. കുംഭം 26-ാംനു-(ഗുമസ്തന്മാർ കണക്കുപുസ്തകം എടുത്തു വായിക്കുന്നു) "27-ാംനു- ബാങ്കിലടച്ച സംഖ്യ 10 ലക്ഷം"

അ:— നിങ്ങൾക്കു ഈ പത്തു ലക്ഷം ഉറപ്പിക്കപ്പിറെറ ദിവസം എവിടുന്നുകിട്ടി.

ക:- It might have been income from his own properties.

അ:— Yes, yes. we shall see എന്താ നിങ്ങൾ പറയാത്തതു്? (ഉറക്കനെ) സത്യം പറയണം.

ഗോ:— എനിക്കു് ഓൎമ്മതോന്നുന്നില്ല.

അ:— (ബാങ്കുകണക്കുകൾ എടുത്തിട്ടു് ജഡ്ജിയോടു്)

Paid to Mr. P. Govinda Menon by order of Mr. Krishna Paniker, the sum of Rupees ten lakhs, deposited by the latter in our bank, dated 26 th Kumbhom. (ഗോവിന്ദമേനവന്റെ നേരെ കാണിക്കുന്നു.) നിങ്ങൾക്കു ഈ എടപാടു് ഓൎമ്മയുണ്ടോ?

ക:— How can he remember this. your Honour, when he does not do the other one? It is silly to ask the question, your Honour.

അ:— Well, your Honour, there is the signature of the defendant.

ക:— That might be a forgery, your Honour.

അ:—Your Honour, can order the witness to sign in the presence of the Court.

ക:-A forgery will b e a close imitation of the genuine. An ass, not to know these little things.

അ:—That is you, the ass.

ജ:— Do you not see me here? Please keep your temper, Mr. Kaimal.

ക:— I am cool headed, your Honour, But it is impossible to stand the nonsense of this block-head.

അ:—നിങ്ങളുടെ കേസ്സു തോല്ക്കാറായപ്പോൾ വല്ലതും പറയോ? Block-head.

ക:—എന്തുപറഞ്ഞു എടൊ പട്ടരെ (പുസ്തകം അയ്യ ങ്കാരുടെ നേരെ എറിയുന്നു. അയ്യങ്കാരുടെ തലപ്പാവു വീഴുന്നു, തലമുടി അഴിയുന്നു.) (ശിപ്പായി വന്നു കയ്യ ളുടെ കൈ കടന്നുപിടിക്കുന്നു. കയ്യൾകുതറിപ്പോകുന്നു)

ജ:—വിധി നീട്ടിവെച്ചിരിക്കുന്നു. (കോടതിപിരിയുന്നു.)

## രംഗം 11.

[പാലപ്പുറത്തുവീട്. ഗോവിന്ദമേനവനും ലക്ഷ്മിയും പ്ര വേശിക്കുന്നു.]

ഗോ:—ഇന്നാണു ജഡ്ജി വിധിപറയാമെന്നു വെച്ചി രിക്കുന്നതു്. ആ കള്ളൻ ശങ്കു വളരെ ദ്രോഹിച്ചു. അല്ലെങ്കിൽ ആരും കാണാത്ത റിക്കാഡുകളുംകൂടി പണിക്കൎക്കിങ്ങിനെ കിട്ടും.

ല. അ:—നമുക്കു ദോഷായിട്ടു ജഡ്ജി വിധിക്യോ? ഞാൻ അന്നുതന്നെ പറഞ്ഞില്ലേ! മുതലൊക്കെ എന്റെ പേരിലാക്കീട്ടു കണക്കൊക്കെ ചുട്ടുകള യാൻ. ഞാൻ ഈ മുതലുകളെല്ലാം എന്തുവ ന്നാലും വിട്ടുകൊടുക്കില്ല.

ഗോ—ഇവിടെ തോററാൽ മദിരാശി ഹൈക്കോടതി യുണ്ടല്ലൊ.

ല. അ:—അതെയതെ! നിങ്ങളുടെ കോടതിം വക്കില ന്മാരും. തട്ടിപ്പറിക്കാര്. അതിനൊക്കെ പണമെ

വിടന്നാ? ഈ കേസ്സിനുതന്നെ എന്റെ പണ്ടങ്ങളൊക്കെ തീൎന്നു.

ഗോ—നമ്പൂരിപ്പാട്ടു നാളെ വരില്ലെ? അദ്ദേഹം നമ്മളെ സഹായിക്കാണ്ടിരിക്കോ? അല്ലെങ്കിൽ തന്നെ ആനക്കോട്ടു സെമിണ്ടാക്കോ ഭൂതമുടിരാജാവിനൊ ഒരെഴുത്തയയ്ക്കണം. എന്നാൽ എത്രയെങ്കിലും വരുന്നു.

ല. അഃ—ഉവ്വ്. ഉവ്വ്. എന്നാലിപ്പോളാവായിരുന്നില്ലെ. ഏതായാലും ഞാൻ ചത്താലും ഈ സ്വത്തു കമലയ്ക്കു കൊടുക്കില്ല. (വാല്യക്കാരൻ പ്രവേശിക്കുന്നു.)

ഗോ—എന്താ കുഞ്ചു? വക്കീലിനെ കണ്ടോ?

കു:—വക്കീലിനെ കണ്ടില്ല. പക്ഷേ (പറയൻ മടിക്കുന്നു).

ഗോ:—(ഉദ്വേഗത്തോടെ) എന്താ കാൎയ്യം പറയു.

കുഞ്ചു:—കേസ്സ് എമാന്നു ദോഷായിട്ടാ വിധിച്ചേ. ഉടൻ ജപ്തിചെയ്തു വിധിനടത്താൻ ഇപ്പോ ആളു വരും എന്നു ഗുമസ്ഥൻ പറഞ്ഞു. ഒളിപ്പിക്കേണ്ടതു വല്ലതുമുണ്ടെങ്കിൽ ഒളിപ്പിക്കേണമെന്നുകൂടി പറഞ്ഞിട്ടുണ്ട്.

(ഗോവിന്ദമേനോൻ തലതിരിഞ്ഞു വീഴുന്നു. കുഞ്ചു വീശുന്നു.)

ല. അഃ—(ഭ്രാന്തുപിടിച്ചപോലെ) കൊടുക്കില്ല, കൊട

ക്കില്ല. ആരാ എന്നോട്ട മേടിക്കാൻ കാണട്ടെ. ഇങ്ങോട്ടു വരട്ടെ, അപ്പറിയാം. ചവുട്ടും ഞാൻ.

കു:—അമ്മേ!

(ഗോവിന്ദമേനവന്റെ ബോധം വീണു പകച്ചുനോക്കുന്നു. കുഞ്ഞു താങ്ങി എഴുനീല്പിക്കുന്നു.)

കു:—എമാന്നേ! അമ്മ എന്തൊക്കെയോ പറേണു.

ഗോ:—ലക്ഷ്മിക്കുട്ടി! സമാധാനിക്കു. നമ്പൂരിപ്പാട്ടിന്നു വരില്ലെ ഇപ്പോഴും. പിന്നെ നമുക്കെന്താ പേടിക്കാൻ.

ല. അ:—പേടിയോ? എനിക്കോ? ഒരെണ്ണം ഇങ്ങോട്ടു വന്നെങ്കിൽ ഇടിച്ചിട്ടു ഞാൻ -വേണോ? (എന്നു ഗോവിന്ദമേനവന്റെ നേരെ ഓങ്ങുന്നു). (കുഞ്ഞുവിനോട്) കൊണ്ടുവെക്കടെ എന്റെ പണ്ടങ്ങളും പെട്ടികളുമൊക്കെ മുമ്പില്. ഇളിച്ചുനിക്കാനല്ല പറഞ്ഞെ. എന്റെ ഹേമ എവിടെ?

കു:—എമാന്നേ! കൊച്ചമ്മ ഉച്ചക്കു പുറത്തേക്കു പോയിട്ടിതുവരെ വന്നിട്ടില്ല. വരാൻ വൈകിയാൽ ഇതു് ഇവിടെ തരാൻ പറഞ്ഞിട്ടുണ്ടു്.

(എന്നു എഴുത്തു കൊടുക്കുന്നു)

(ഗോവിന്ദമേനോൻ എഴുത്തുമേടിച്ചു അസ്വസ്ഥനായി നില്ക്കുന്നു)

ല. അ:—എന്താതു്? വായിക്കരുതേ.

ഗോ:—(സ്വഗതം) ആ. എപ്പോഴെങ്കിലും അറിയേണ്ടതല്ലെ. അവളുടെ വാക്കുതന്നെ ആയിക്കോട്ടെ. (പ്രകാശം) ലക്ഷ്മിക്കുട്ടി! ലഹളകൂട്ടരുതു്. വരാനുള്ളതു വഴിയിൽ തങ്ങോ? കേട്ടോളൂ. (വായിക്കുന്നു)

"എന്റെ അച്ഛനും അമ്മക്കും,

നിങ്ങളുടെ ശല്യത്തിനു വഴിപ്പെടാത്തതുകൊണ്ടു ഞാനും എന്റെ പ്രേമഭാജനമായ ശിവകുമാരക്കയ്മളും ഈ എഴുത്തു കിട്ടുമ്പോഴെക്കും ഭാൎയ്യാഭൎത്താക്കന്മാരായി തീൎന്നിരിക്കും. ഞങ്ങൾ എവിടെയാണെന്നു് അന്വേഷിക്കുവാൻ പുറപ്പെട്ടിട്ടു കാൎയ്യമുണ്ടാവുകയുമില്ല.

എന്നു നിങ്ങളുടെ ഹേമ."

ല. അ:—നിയ്യും ചതിച്ചോ ഹേമേ! എന്റെ പൊന്നുമോളേ! ഈശ്വര! (എന്നു മറിഞ്ഞു വീഴുന്നു) (ഗോവിന്ദമേനവൻ താങ്ങുന്നു. കൎട്ടൻ വീഴുന്നു)

## രംഗം 12.

[കൃഷ്ണപ്പണിക്കരും ഗോവിന്ദമേനവനും ഇരുന്നുകൊണ്ടു പ്രവേശിക്കുന്നു.]

ഗോ:—പണിക്കരെ! നിങ്ങൾ നിൎബ്ബന്ധിക്കരുതു്. ഞാൻ കാശിക്കു പോകാമെന്നുറച്ചു. അങ്ങനെയായാലെ എന്റെ മഹാപാപം തീരൂ.

പ:—എന്താ മേനോൻ ഇങ്ങനെ പറേണെ. ഈശ്വരനെ സേവിക്ക ഇവിടെയരുതേ. നിങ്ങൾക്കൊരു കഷ്ണിപ്പുംകൂടാതെ നോക്കാൻ കമലയും ഞാനും ഉണ്ടല്ലൊ.

ഗോ:—ഞാൻ കമലേടെ മുഖത്തു് എങ്ങനെ നോക്കും. ലക്ഷ്മിക്കുട്ടിയുടെ ഭയങ്കരമായ മരണവും കമലയുടെ അതിസ്നേഹത്തോടുകൂടിയുള്ള ശുശ്രൂഷയും എന്റെ മനസ്സിൽനിന്നു മായുന്നില്ലല്ലൊ. കമലെ വിചാരിക്കുമ്പോൾ തന്നെ അതെല്ലാമെന്റെ മുമ്പിൽ കാണുന്നു. പോരെങ്കിൽ ഞങ്ങളുടെ ദുഷ്പ്രവൃത്തികൾ മുഴുവൻ ലക്ഷ്മിക്കുട്ടി മരണസമയത്തു വിളിച്ചുപറഞ്ഞു നിലവിളിച്ചതും പേടിച്ചോരോന്നു കാട്ടിയതും നിങ്ങളൊക്കെ ഇരുന്നുകേട്ടില്ലെ. അതു നിങ്ങളു മറക്കോ?

പ:—കഴിഞ്ഞതൊക്കെ കഴിഞ്ഞില്ലെ. അതൊക്കെ ഈശ്വരന്റെ കളി. ജന്മനാ ഉള്ള സ്നേഹം ഇതിലൊക്കെ എത്രയൊ വലുതല്ലെ.

ഗോ—ഞാൻ കമലയെ ചതിക്കയും ദ്രോഹിക്കയും ചെയ്തുവെന്നു നിങ്ങൾ ധരിച്ചതുമാത്രമേ ഉള്ളുവെങ്കിൽ തന്നെ ഇവിടെ ഇരിക്കുകവയ്യ. എന്റെ മനസ്സുംസമ്മതിക്കുന്നില്ല, ഇവിടെത്താമസിക്കാൻ. വല്ല പുണ്യസ്ഥലത്തും പോയി ഈശ്വരാധീനമു

ണ്ടാക്കി പാപംതീക്കാൻ നോക്കട്ടെ. (മുഖം ഉടക്കുന്നു.)

പ:—(സ്വഗതം) ഇല്ല. പറഞ്ഞിട്ടു കാൎയ്യമില്ല. ഇയാൾക്കു് എല്ലായ്പോഴും മാനംതന്നെ വലുതു്. പ്രതാപം പരിപാലിച്ചുപോന്ന ദിക്കിൽ പടം താത്തിക്കിടക്കാൻ എങ്ങനെ തോന്നും. ഈശ്വര! ഇനിയും ഇയാളെ സങ്കടപ്പെടുത്തല്ലെ.

(ശങ്കുനായർ പ്രവേശിക്കുന്നു.)

ശ:— പാലാഴിക്കോട്ടു് അനിയൻനമ്പൂരിപ്പാടു് എഴുന്നള്ളീട്ടുണ്ടു്.

പ:— ഇങ്ങട്ടു് എഴുന്നള്ളാമെന്നു പറയൂ.

(ശങ്കു പോകുന്നു.)

(പണിക്കർ വാതുക്കലേക്കു ചെല്ലുന്നു.)

ഗോ:—(സ്വഗതം) കുന്നിന്മേൽ കുരുവും. ഈശ്വരൻ ഇനിയും അവിടുത്തെ തള്ളു നിൎത്തുന്നില്ലല്ലൊ. ഞാൻ എന്താ ഒന്നു് അദ്ദേഹത്തിനോടു പറയ. അദ്ദേഹം ഈ കമലക്കു തുടങ്ങുകയാണെങ്കിൽ ഭാഗ്യമായി. എന്റെ ഭഗവാനെ.

(നമ്പൂരിപ്പാട്ടും പിന്നാലെ ശങ്കുവും പ്രവേശിക്കുന്നു. (ഗോവിന്ദമേനോൻപരുങ്ങുന്നു. രണ്ടുപേരും എഴുനീല്ക്കുന്നു.)

പ:— എഴുന്നള്ളി ഇരിക്കാം.

ന:— (ഇരുന്നു) ഇരിക്കൂ. (രണ്ടുപേരും ഇരിക്കുന്നു. നമ്പൂ

രിയും പണിക്കരും ഗോവിന്ദമേനോനെ നോക്കി അന്യോന്യം നോക്കുന്നു.)

ഗോ:— (സ്വഗതം) ആവു! ഇദ്ദേഹത്തിൻെറ അന്നത്തെ കപടപ്രവൃത്തിയും ഇപ്പോൾ ഗുണത്തിനു തന്നെയായി. ഈ വന്ന അപമാനമൊക്കെ അദ്ദേഹത്തിനോടും അറിവിക്കേണ്ടിവന്നുവല്ലോ. അതാണ് സങ്കടം.

ന:— (ഗോവിന്ദമേനവനോട്) മേനോൻ എനിക്കന്നു നിശ്ചയിച്ച ദാനം മേടിക്കാൻ വരേ. ഞാൻ അസാരൊന്നു കബളിച്ചു. അതുകൊണ്ടു മറിച്ചൊന്നും തോന്നരുത് കിട്ടോ. (പണിക്കരോട്) ഏട്ടൻ പറഞ്ഞുകേട്ടിട്ടേ ഉള്ളു. ഗോവിന്ദമേനോൻ കാര്യം മുഴുവൻ പറഞ്ഞിരിക്കുമല്ലോ.

പ:— ശങ്കുനായർ പറഞ്ഞു മുഴുവൻ അറിഞ്ഞു. കമലയും അടിയനോട്ട് അനുവാദം ചോദിപ്പിക്കയുണ്ടായി. ഈ ഒരു ഭാഗ്യം വന്നതു തറവാടിൻേറയും അടിയൻേറയും പുണ്യം.

ന:— (ചിരിച്ചുകൊണ്ട്) ഈശ്വരൻ എനിക്കു വെച്ചിരിക്കുന്ന നിധി മറെറാരാൾക്കു കിട്ടോ? (ഗോവിന്ദമേനോനോട്) എന്താ ശങ്കു പറഞ്ഞെ, കാശിക്കു പുറപ്പെട്ടിരിക്കയാണെന്ന്. അത്ര വയസ്സായോ?

ഗോ:— ഈശ്വരനെ സേവിക്കാൻ അവടയാ നല്ലതെ

ന്നാണു തോന്നണെ (എന്നു് എണീററു പുറപ്പെട്ടുവാൻ വട്ടംകൂട്ടുന്നു. മററുള്ളവർ നോക്കിക്കൊണ്ടു കണ്ണീർ പൊഴിക്കുന്നു.)

ന:— (സ്വഗതം) അമ്പട അഭിമാനി. ഇനിയും തോററുവെന്നു സമ്മതിക്കയില്ല; ഉവ്വോ. (ആട്ടെ) കാശിയിൽ പോയിട്ടെങ്കിലും മനസ്സിനൊതുക്കം വരട്ടെ. കഴിഞ്ഞതൊക്കെ എന്തിനാ ഞാൻ ചോദിച്ചു മുഷിപ്പിക്കണെ. (പ്രകാശം) എന്നാ യാത്ര. ഞാൻ അതിനുമുമ്പു വന്നതു നന്നായി.

ഗോ:— ഇന്നത്തെ രാത്രിവണ്ടിക്കുതന്നെ പോണം എന്നാ നിരീക്കണെ. നിങ്ങളാരും മുടക്കം പറയരുതു്.

പ:– അഹ–ഉറച്ചോ? എന്നാൽ പോണതിന്നുമുമ്പെ കമലെ അനുഗ്രഹിക്കണം. കമലേ!

(കമല പ്രവേശിച്ചു് നമ്പൂരിപ്പാട്ടിലെ കണ്ടു പിന്നാക്കം മാറി കീഴ്പ്പോട്ടു നോക്കിനില്ക്കുന്നു.)

പ:—കമലേ! അമ്മാമൻ ഇന്നത്തെ വണ്ടിക്കു കാശിക്കുപോകാമെന്നു തീച്ച്യാക്കിയത്രേ. എത്ര പറഞ്ഞിട്ടും ഏളക്കമില്ല. നിന്നോടു യാത്ര പറയാനാ വിളിച്ചേ.

ക:—(ഗോവിന്ദമേനോൻെറ കാൽതൊട്ടു തലയിൽവെച്ചു്) അമ്മാമാ! ഞാൻ വല്ല തെററും ചെയ്തിട്ടുണ്ടെങ്കിൽ

അതൊക്കെ ക്ഷമിച്ച് എന്നെ അനുഗ്രഹിക്കണം. (എന്നു കരയുന്നു).

ഗോ:—കമലേ! നിനക്കെന്നും നല്ലതേ വരൂ. ലക്ഷ്മി കുട്ടി ദീനമായിട്ടു കിടന്ന സമയത്തു രാവും പകലും ഉറക്കമൊഴിച്ചു നീ ശുശ്രൂഷിച്ചിരുന്നതു് ഞാൻ ഒരിക്കലും മറക്കില്ല. നിനക്ക് ഈശ്വരാധീനം എന്നും ഉണ്ടാവും. (അനുഗ്രഹിക്കുന്നു.) വണ്ടിക്ക് ഏകദേശം സമയമായി. ഞാൻ ഇറങ്ങട്ടെ.

ന:—സ്റ്റേഷനിലേക്ക് എന്റെ കാറിൽ പോകാം. (ഗോവിന്ദമേനോൻ പോകുന്നു. പണിക്കരും കമലയും ശങ്കുനായരും അനുയാത്രയായി പിന്നാലെ പോകുന്നു).

ന:—ഈശ്വരനെ ധിക്കരിച്ചു നടന്നവരോട് ഈശ്വരൻതന്നെ ചോദിക്കും. അന്നു ഞാൻ ഇവിടെ വന്നപ്പോൾ ഇയാൾക്കെന്തൊരു പ്രതാപമായിരുന്നു. ഇപ്പഴത്തെ ഒരു പാരവശ്യവും. പൂന്താനം പറഞ്ഞിരിക്കുന്നതു് എത്ര വാസ്തവം!

"ഇന്നലെയോളമെന്തെന്നറിഞ്ഞീല,
ഇന്നി നാളെയുമെന്തെന്നറിഞ്ഞീല,"

അതുപോലെതന്നെ.

"മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പുങ്ങേറവന്നതും ഭവാൻ"

(കർട്ടൻ വീഴുന്നു).

## രംഗം. 13.

[ആനന്ദപുരം—ശിവകുമാരക്കയ്മളുടെ ഗൃഹം. കയ്മ ഡ്രസ്സു ചെയ്തിരിക്കുന്നു].

ക:—(ആത്മഗതം) ഇതൊരു സൊല്ലയായിത്തിന്നല്ലോ. നേരമെത്രയായി. മററുള്ളവരുടെ കാൎയ്യമൊന്നും ആലോചിക്കതന്നെയില്ല. സ്വയാധികാരം വല്ലാണ്ടു കടന്നുതുടങ്ങി. ഒരു കീറമാറാപ്പു വലിച്ചു കേററിയതേ! ഇന്നു രണ്ടാലൊന്നു തീൎച്ചയാവും. കുറച്ചുദിവസായി സഹിക്കവെയ്യാണ്ടായിട്ടു്. ഇങ്ങട്ടു വരട്ടെ.

(ഹേമ പരിഷ്കാരവേഷത്തിൽ പ്രവേശിച്ചു ചാട്ടയും ചെറിയപ്പും മേശപ്പുറത്തേക്കു വലിച്ചെറിയുന്നു.)

ക:—എത്രനേരായി ഞാൻ Wait ചെയ്യുന്നു പുറത്തേക്കു പോകാനായിട്ടു്.

ഹേ:--എൻെറ Sanction കിട്ടാനായിട്ടു നിക്കയായിരിക്കാം.

ക:—അധികാരം കുറച്ചധികാവുന്നു. തൻകാൎയ്യം മാത്രെ ഉള്ളു എന്നൊ. എനിക്കാവശ്യത്തിന്നായിട്ടാ കാറു മേടിച്ചേക്കണെ.

ഇനി ഇതു പററില്ല.

ഹേ--ആരാ നിശ്ചയിക്കാൻ. എനിക്കു വേണ്ടപ്പോക്കെ ഞാൻ കൊണ്ടുപോകും. കാർ ഒരാളുടെ

തന്നെയാണെന്നെഴുതിപ്പതിച്ചിട്ടാ മററൊ ഉണ്ടോ?

ക:—നിൻെറ തോന്നിവാസം കാച്ചേരുന്നു. ഞാൻ ഒന്നു പഠിപ്പിക്കും.

ഹേ:—എനിക്കെന്തു പേടിയാ. നിങ്ങളുടെ ഈ ഉപദ്രവം സഹിച്ചിരിക്കണെതുതന്നെ മെച്ചം എന്നു വിചാരിച്ചോളു! Silly brute.

ക:—എന്താ പറഞ്ഞേ. ഞാൻ തന്നെ ഈ അനത്ഥം ഇവിടെ കഴകേററില്ലേ. ഇല്ലെങ്കിൽ ഇപ്പൊ എരന്നു നടക്കണെ കാണായിരുന്നു. കരന്തസ്സ്!

ഹേ:—പിന്നല്ലെ. എരക്കും. Country നമ്പൂരിടെ കൂടെയാണെങ്കിൽ ഇതിലും വളരെ ഭേദായേനേ. അദ്ദേഹത്തിനു പണമെങ്കിലുമുണ്ട്. ഇവിടെ ഈ സൈ്വരമില്ലായയും കഷ്ണിപ്പും മാത്രം. ഞാൻ ഭേദായിട്ടാ വളന്നേക്കണേ. ചെററയായിട്ടല്ല.

ക:—നിൻെറ ഭേദപ്പെടല്! വല്ലോരുടേയും പണം കട്ടുതിന്നിട്ട്. ആ പേജു മറിയ്ക്കാണ്ടിരിക്കാ നല്ലതു്. ഇവിടെ എൻെറ അധികാരം. മനസ്സുണ്ടെങ്കിൽ തന്നെ മതി. അല്ലെങ്കിൽ നമ്പൂതിരിടെ അടുക്കലേക്കു തന്നെ പൊക്കൊ.

ഹേ:—അദ്ദേഹം ഇപ്പൊ കമലയെ കല്ല്യാണം കഴിച്ചില്ലായിരുന്നു എങ്കിൽ ഞാൻ പോയേനെ. നിങ്ങളെത്ര കൊതിച്ചു കൊഞ്ചീട്ടാ ഞാൻ വന്നതു്?

Shame flatterer. നിങ്ങളുടെ വാക്കിൻെറ സാമത്ഥ്യം കൊണ്ടു അച്ഛനേയും അമ്മയേയും പെരുവഴിലാക്കി. കണ്ടോരുടെ മൂക്കു കടിച്ചിട്ടു കോടതീന്നു പിഴ സമ്മാനമായിട്ടും കിട്ടിയില്ലെ. Idiot ഇപ്പൊ എൻെറ നേരെയായി അല്ലെ. അതു പററില്ല. എന്നോടു പുറപ്പെട്ടാൽ കയ്യിൽ കിട്ടും. ഞാൻ അയ്യങ്കാരല്ല.

ക:—എന്താടി കിട്ടാൻ പോണെ, കാണട്ടെ. (കയ്യു കൊണ്ട് അടിക്കാൻ ഓങ്ങുന്നു. ഹേമ ചാട്ടയെടുത്ത് ഒരടി അടിക്കുന്നു. കയ്യൾ പിന്നാക്കം മറുന്നു.) നിന്നോട് ഇതിനു ചോദിച്ചിട്ട്.

ഹേ:—അതു divorce court ല്. ഒരു modern woman നു വേണ്ടതൊക്കെ എനിക്കറിയാം. നിങ്ങളുടെ കണ്ട girls നോടുകൂടിയുള്ള flurting-ം വേറേയുള്ള ചീത്തത്തങ്ങളുമൊക്കെ ഞാൻ അവിടെ വരുത്തിയേക്കാം. (കയ്യറ രണ്ടാമതു അടിക്കുവാൻ അടുക്കുന്നു.)

ഹേ:—എന്നെ തൊട്ടാലറിയാം. (എന്നു പുറത്തേക്കു പോകുന്നു.)

ക:—(കാറിൻെറ ശബ്ദം കേട്ടിട്ട്) കാറു പോയാലും വേണ്ടില്ല. ആ ശനി ഒഴിയട്ടെ. ലോകത്തിൽ പെണ്ണുങ്ങളില്ലാതായിട്ടില്ല. അതു് അറിപ്പിച്ചേക്കാം.

(കർട്ടൻ വീഴുന്നു.)

## രംഗം. 14.

[പാലപ്പുറ്റ വീട്ടിന്റെ മഠം. നമ്പൂതിരിപ്പാട്ട് ഒരു സോഫയിന്മേൽ ചാരിക്കിടക്കുന്നു. കമല മേശയിന്മേൽ കയ്യും കുത്തി അഭിമുഖമായി നില്ക്കുന്നു.]

ന:—കമലേ! സുന്ദരത്തിനുള്ള സമ്മാനം കേമായി. കമലേക്കുറിച്ച നാട്ടുമുഴുവൻ ഇനി സ്തുതിച്ചുകൊണ്ടു നടക്കും. ജാതി അതാം.

ക:— ഹേയ്. അദ്ദേഹം നല്ല ശിക്ഷയാ. അദ്ദേഹം കാരണമല്ലേ ഇങ്ങനെ ഒക്കെ സംഭവിച്ചതു്.

ന:—സുന്ദരബ്രാഹ്മണനെ ആണല്ലൊ ശ്രീകൃഷ്ണന്റെ അടുക്കലേക്കു് രുഗ്മിണി അയച്ചതു്. ഇവിടെ വിപരീതായി. അത്രേ ഉള്ളു. (രണ്ടുപേരും ചിരിക്കുന്നു.) ഹേമചേച്ചീടെ കാൎയ്യത്തിലെന്താ തീൎച്ചയാക്ക്യേ?

ക:—ഇവിടെ വന്നു നമ്മുടെ കൂടെ താമസിക്ക ഉണ്ടാവില്ല. അരിഷ്ടിക്കുന്നു എന്നു കേൾക്കാനും സുഖമില്ല. മാസം എഴുപത്തഞ്ചുറപ്പിക വീതം അയച്ചുകൊടുക്കാന്നാ വെച്ചേക്കണെ. വിവരത്തിനു് എഴുതി അയക്കണം.

ന:—തരക്കേടില്ല. വേണ്ടതായി. കമലേ, അകലെപ്പോയി വാടകക്കു വീട്ടും മേടിച്ചു നന്നെ കിടന്നു കഷ്ണിക്കല്ലേ. പരിഷ്കാരം വിടാന്നൊട്ടുമനസ്സുമില്ല. ശുദ്ധാഭ്രമളി. Clandestine courting, blind elope-

ment, quarrelling life, and rash divorce — ഓക്കെ
ക്കാണിച്ചു. കഷ്ടം! കഷ്ടം! ഈശ്വരാ ഈ നാട്ടിൽ
ഇത്തരം പരിഷ്കാരം മുഴുക്കരുതേ.

ക:— പണം ഇല്ലാണ്ടായപ്പോ പരിഷ്കാരവും കുറഞ്ഞു
ന്നാ കേട്ടേ. ഇപ്പോ കഷ്ടിച്ചു നാടനായിട്ടുണ്ടത്രെ.

ന:— അം. നല്ലപോലെയായാൽ നന്നായി. അമ്മാ
മനും കാശിയിൽ കിടന്നു കഷ്ണിക്കയൊവില്ലെ.
വല്ലതും കൊടുത്താൽ പുണ്യമല്ലെ.

ക:— ആ പുണ്യം അച്ഛൻ കയ്യലാക്കുക കഴിഞ്ഞു.
തറവാട്ടുസ്വത്തു മുഴുവൻ അമ്മാമൻെറ പേരിലാ
ക്കാനാ അച്ഛൻ തീർച്ചയാക്കിയതു്. തല്ക്കാലം 25 ക.
മാസം അയച്ചുകൊടുക്കുന്നുണ്ടു്.

ന:— അച്ഛന് അങ്ങനെതന്നെയാ തോന്നണെ.
നമുക്കു കുറവൊന്നും വരാനില്ലല്ലൊ. സല്ക്കർമ്മം
ചെയ്താൽ ധനം വർദ്ധിക്കെ ഉള്ളൂ. (സുന്ദരയ്യൻ പ്രവേ
ശിക്കുന്നു) എന്താ സുന്ദരം! സുന്ദരത്തിനു വേണോ
ധർമ്മം! കമല എല്ലാവർക്കും ധർമ്മം കൊടുക്കണോ
സമയാ ഇപ്പോ.

സു:— എനിക്കു നിങ്ങടെ രണ്ടുപേരുടേം കൃപതന്നെ
മതി. അതിലും വലിയ ധർമ്മമെന്താ? (പണിക്കരും
ശങ്കുനായരും പ്രവേശിക്കുന്നു.) കമല പിന്നാക്കം
മാറിനില്ക്കുന്നു.

പ:— തിരുമേനി! ശങ്കുനു തിരുമനസ്സിലെ സമ്മാനം കുറച്ചധികായില്ലെ. പറമ്പും പെരയും പോരാ. ഒന്നാംതരം ഒരു നിലവും. അയാള് ഇവിടംവിട്ടു പോവില്ലാന്നാ പറേണെ.

ശ:— തിരുമേനീടെ ഔദാൎയ്യം ഞാൻ അന്നുതന്നെ ഏമാന്നോടു പറഞ്ഞിട്ടുണ്ടു്. നമ്മുടെ ഭാഗ്യംതന്നെയാണു് അവിടുത്തെ കിട്ടിയതു്.

ന:— നിലം സമ്മാനിച്ചതു് ഏട്ടനാണു്. ഏട്ടനു ശങ്കുനെ ക്ഷ പിടിച്ചു. ശങ്കുൻെറ തറവാട്ടുകാര് അവിടെ താമസിച്ചോട്ടെ.

ശ:— റാൻ. അടിയൻ അങ്ങനെതന്നെയാ പഴമനസ്സിൽ ഉറച്ചതു്. അടിയൻെറ കാലം ഇവിടം കൊണ്ടുതന്നെ കഴിക്കണംഎന്നാവിചാരിക്കണേ.

പ:— അടിയൻ ഒരു കാൎയ്യം തിരുമനസ്സറിക്കാനാ വന്നെ. നമുക്കീഭാഗ്യം വന്നതൊക്കെ ഈശ്വരാധീനം കൊണ്ടല്ലെ. തൃപ്പൂണിത്തുറ പോയി ഒന്നു് തൊഴുതാൽ കൊള്ളാമെന്നു് അടിയനു നന്നേ മോഹമുണ്ടു്. നമ്മളെല്ലാവരും വേണമെന്നാ വിചാരിച്ചേക്കണേ. സന്തതിക്കും സകലത്തിനും വിശേഷാണല്ലോ. ഒരു പാൽ പന്തീരാഴിയും ചുരുക്കത്തിലൊരു കളഭവുംകൂടി ഏൎപ്പാടാക്കീട്ടുണ്ടു്.

ന:—വളരെ സന്തോഷായി. എന്നേക്കാ?

പ:—ശുഭസ്യ ശീഘ്രം. നാളേക്ക് ഏപ്പാടാക്കീട്ടുണ്ടെന്നാണ് കായ്യക്കാരുടെ എഴുത്ത്. പുറപ്പെടേണ്ട ഒരുക്കങ്ങളൊക്കെ കഴിഞ്ഞിട്ടുണ്ട്. ഇന്നുരാത്രി തന്നെ അവിടെ എത്തിക്കളയാം.

ന:—എന്നാൽ പുറപ്പെടാറായില്ലോ. കമല വേഗം പോയി തയാറായിക്കോളൂ. അവിടെ തൊഴണ്ടത്തന്നയാണു കിട്ടോ. അദ്ദേഹത്തിൻെറ മാഹാത്മ്യം!

വന്ദേ ചന്ദ്രധരാദിവന്ദിതപദാം-
ഭോജംഭൃങ്ഗാന്തർല്ല സ-
ദ്വന്ദാരുവ്രജതാപജാലഹരണ-
ക്രീഡദ്രഥാംഗാങ്കിതം
കാരുണ്യാർണ്ണവമേകനൈകസകലം
സന്താനചിന്താമണിം
പൂർണ്ണാനന്ദമയം പുരാണപുരുഷം
ശ്രീപൂർണ്ണവേദേശ്വരം.

MUL
091663

വിദ്യാവിനോദിനി അച്ചുക്കൂടം, തൃശ്ശിവപേരൂർ.